2012 ആഗസ്റ്റ്

# സാഹിത്യ പോഷിണി



## സ്വാതന്ത്ര്യം തന്നെ അമൃതം

# സാഹിത്യപോഷിണി മാസിക

Chunakara P.O., Pin 690 534, Keralam , Ph: 9496230170. 0479- 2379909

■പുസ്തകം 12 ■ലക്കം 7 ■ ആഗസ്റ്റ് 2012 ■വില 10 രൂപ

e-mail:georgethazhakara@gmail.com

*ചീഫ് എഡിറ്റർ* **ചുനക്കര ജനാർദ്ദനൻനായർ**

*മാനേജിംഗ് എഡിറ്റർ* **ജോർജ് തഴക്കര**

വാർഷിക വരിസംഖ്യ 120 രൂപ

*എം.ഒ. അയയ്ക്കേണ്ട വിലാസം*

എഡിറ്റർ, സാഹിത്യപോഷിണി, ചുനക്കര പി.ഒ പിൻ. 690534. ആലപ്പുഴ ജില്ല


# മലയാളപഠനം സാർവ്വത്രികമാകണം

**ചുനക്കര ജനാർദ്ദനൻനായർ**

**ന**വംബർ ഒന്നിന് കേരളത്തിൽ മലയാള സർവ്വകലാശാല നിലവിൽ വരികയാണ്. മലയാളത്തിന് ക്ലാസിക്കൽ പദവി നേടിയെടുക്കാനുള്ള പരിശ്രമവും അതിനോടൊപ്പംതന്നെ നടന്നുവരുന്നു. എന്നാൽ നമ്മുടെ എല്ലാ സ്കൂളുകളിലും മലയാളപഠനം ഇനിയും സാർവ്വത്രികമായിട്ടില്ല. കേരള സിലബസിൽപെടാത്ത പല വിദ്യാലയങ്ങളിലും മലയാള ഭാഷാപരിചയത്തിനുള്ള സൗകര്യങ്ങൾ ഇനിയും ലഭ്യമായിട്ടില്ല.

എല്ലാ സ്കൂളുകളിലും മലയാളം കൂടി പഠിച്ചേ മതിയാകുവെന്നുള്ള നിർദ്ദേശം വൈകിയാണെങ്കിലും കഴിഞ്ഞവർഷം പുറപ്പെടുവിച്ചതായി അറിയുന്നു. എന്നാൽ ആ ഉത്തരവ് പൂർണ്ണമായും നടപ്പിലാക്കുവാനുള്ള ജാഗ്രത ഉത്തരവാദിത്ത്വപ്പെട്ടവർ കാണിക്കുന്നില്ല. മലയാളം കൂടി പഠിച്ചാൽ എന്തോ കുഴപ്പമുണ്ടാകുമെന്ന മട്ടിലാണ് പല മേധാവികളും കരുതുന്നത്. അതു ശരിയല്ല. നവംബർ ഒന്നിനുമുമ്പായി മലയാളംകൂടി പഠിക്കാത്ത ഒരു വിദ്യാർത്ഥിയും കേരളത്തിലുണ്ടാകുവാൻ പാടില്ല.

സംസ്ഥാന ജില്ലാതലങ്ങളിൽ അതിനായുള്ള മോണിറ്ററിംഗ് സമിതി രൂപീകരിച്ച് അവ പ്രവർത്തനക്ഷമമാക്കണം. നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുള്ള സ്കൂളുകളിൽ എവിടെയെങ്കിലും മലയാളം പഠിപ്പിക്കാൻ വിമുഖത കാട്ടുന്നുണ്ടെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കണം. പല സ്കൂളുകളിലും ഇപ്പോഴും മലയാള പുസ്തകങ്ങൾ വിരളമായേ വാങ്ങാറുള്ളു. ആ നില മാറണം. സംഘടിതമായുള്ള പരിശ്രമം കൊണ്ടേ ഏവർക്കും മലയാളം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കാനാകൂ. ഇപ്പോഴാണ് അതിനുപറ്റിയ സമയം.

പഴയ നാളുകൾ



# അമ്മയും കുറെ മക്കളും

**ഡോ.സുകുമാർ അഴീക്കോട്**

**അ**മ്മ എന്ന ആശയം മനുഷ്യന്റെ ഏറ്റവും പാവനങ്ങളായ പല സങ്കല്പങ്ങൾക്കും അടിസ്ഥാനമാണ്. ഭാരതീയ ചിന്തയിൽ അമ്മ ശിവന്റെ ശക്തിയാണ്. സാംഖ്യദർശനത്തിൽ അമ്മ പ്രകൃതിയാണ്. ദ്രാവിഡരുടെ ഏറ്റവും വലിയ ദേവതയാണ് അമ്മ ദൈവം. ഉപനിഷത്തിൽ അമ്മ ആദ്യത്തെ ഗുരുവും- അച്ഛനും അദ്ധ്യാപകനും പിന്നീടേ വരുന്നുള്ളു.

ഇപ്രകാരം പ്രാഥമികസീമയുള്ള ആശയങ്ങളോട് മാതൃസങ്കല്പത്തെ ഇണക്കിച്ചേർക്കാറുണ്ട്. മനുഷ്യർ ജന്മഭൂമിയെ മാതൃഭൂമിയെന്ന് വിളിച്ചാരാധിക്കുന്നു. നാം ജനനം തൊട്ട് സംസാരിക്കുന്ന ഭാഷ മാതൃഭാഷയാണ്. പണ്ടുള്ളവർ ജനനിയും ജന്മഭൂമിയും സ്വർഗ്ഗത്തേക്കാൾ ശ്രേഷ്ഠമാണ്' എന്നെഴുതിയപ്പോൾ, മാതൃഭാഷയെക്കൂടെ അതിൽപെടുത്താമായിരുന്നെന്ന് ആർക്കും തോന്നാം.

പെറ്റ നാടിനോടും സ്വഭാഷയോടും, അമ്മയോടു മക്കൾക്കെന്നപോലെ, ജനങ്ങൾക്ക് കുറെ കടമകളുണ്ട്. ഇംഗ്ലീഷുകാർ ഇംഗ്ലീഷ് ഭാഷയോടുള്ള കടപ്പാടുകൾ എല്ലാം വീട്ടിയ ജനതയാണ്. അതിന്റെ വിശേഷം ഇംഗ്ലീഷ് ഭാഷയുടെ ഇന്നത്തെ നിലയിൽ പ്രതിബിംബിച്ചു കാണാം. ഇംഗ്ലണ്ടിന് ഇന്നു ലോകരാഷ്ട്രങ്ങളുടെയിടയിൽ രണ്ടാമത്തെയും മൂന്നാമത്തെയും സ്ഥാനം തന്നെ ഉണ്ടോ എന്നു സംശയിക്കാം. പക്ഷേ, ഇംഗ്ലീഷുഭാഷയോ ലോകത്തിലെ ഒന്നാം ഭാഷയാണ്. വളരെക്കാലത്തേക്ക് അങ്ങനെയായിരിക്കും.

മലയാളം ലോകത്തിലെ പ്രധാനഭാഷയല്ല, ആവുകയില്ല. പറയുന്നത് യാഥാർത്ഥ്യത്തിനു നിരക്കണമല്ലോ. പക്ഷേ, മലയാളം കേരളത്തിലെങ്കിലും ഒന്നാം ഭാഷയായിരിക്കേണ്ടേ? കേരളത്തിൽ മലയാളം മാതൃഭാഷയും ഗൃഹഭാഷയും വിദ്യാലയങ്ങളിൽ ഒന്നാം ഭാഷയും ഔദ്യോഗിക ഭാഷയും ഒക്കെയാണെന്ന് പറയപ്പെടുന്നു. എന്നാൽ എന്താണ് വാസ്തവം?

ഇംഗ്ലീഷ് അദ്ധ്യയനഭാഷയായിട്ടുള്ള വിദ്യാർത്ഥികൾക്ക് മലയാളം ഒന്നാം ഭാഷയല്ല. മിക്ക വീടുകളിലും മലയാളം പൂർണ്ണമായി സംസാരത്തിൽ ഇല്ല. ഒരു മലയാളവാക്കിന് മൂന്ന് ഇംഗ്ലീഷ് വാക്ക് ഉപയോഗിക്കുന്നവരാണ് നാം. അച്ഛനും അമ്മയും പല വീടുകളിലും ഇംഗ്ലീഷ്

സംസാരിച്ചുവരുന്നു. മലയാളം മാധ്യമമായുള്ള കുട്ടികളുടെ വീടുകളിലും ഇതാണ് ഏറെക്കുറെ സ്ഥിതി. ആംഗലപ്രാധാന്യമുള്ള ഒരു വികൃത മണിപ്രവാളമാണ് ഇന്നത്തെ മലയാളം. മലയാളത്തെ ഔദ്യോഗിക ഭാഷയാക്കാൻ നിയമമുണ്ടാക്കി എന്നൊക്കെ പറയുമെങ്കിലും, വളരെ ചുരുക്കം വകുപ്പുകളിൽ മാത്രമാണ് മലയാളം സർക്കാർ ഉപയോഗിച്ചുവരുന്നത്.

വിദ്യാലയങ്ങളിൽ മലയാളത്തിനു കൊടുത്തിരിക്കുന്ന അദ്ധ്യാപനസമയം പതുക്കെ വെട്ടിച്ചുരുക്കിവരുകയാണ്. മറ്റു ഭാഷകൾ പഠിക്കാൻ കുറേക്കൂടി സമയം ലഭ്യമാണ്. ശാസ്ത്രസാങ്കേതിക വിഷയങ്ങളുടെയും ഇന്റർനെറ്റിന്റെയും കടന്നാക്രമണത്തിൽ ചോരചിന്തുന്നതും മലയാളത്തിന്റേതാണ്.

ഭരണകർത്താക്കളും വിദ്യാഭ്യാസ വിദഗ്ദ്ധരും അദ്ധ്യാപനത്തിൽ മാതൃഭാഷയ്ക്കുള്ള പരമപ്രാധാന്യത്തെപ്പറ്റി സദാ അതിവാചാലരാണ്. പക്ഷേ, ആ പ്രാധാന്യത്തിനു പ്രായോഗികരൂപം നൽകാൻ അവർ ഒന്നും ചെയ്യുന്നില്ല. ഭാഷാപ്രേമികളുടെ താത്ക്കാലികമായ ആശ്വാസത്തിനുവേണ്ടി ചില കപടവാദങ്ങൾ പറയുന്നുവെന്നല്ലാതെ വേറൊന്നും മലയാളത്തിന്റെ ഉന്നമനത്തിനുവേണ്ടി ഇവർക്ക് ചെയ്യാനാവുന്നില്ല. ഇവർക്ക് ചെയ്യണമെന്ന ആഗ്രഹവുമില്ലെന്നു തോന്നുന്നു.

കലാലയങ്ങളിൽ ആയുഷ്കാലം മുഴുവൻ മലയാളം പഠിപ്പിക്കണം എന്നല്ല പറഞ്ഞുകൊണ്ടുവരുന്നത്. ഹയർ സെക്കണ്ടറി/ പ്ലസ് ടു പരിധിക്കുള്ളിൽ തന്നെ മലയാളം നന്നായി പഠിക്കാൻ സൗകര്യം വേണ്ടതാണ്. ഇപ്പോൾ കുട്ടികൾക്കു ലഭിക്കുന്ന ഭാഷാപരിശീലനം ഒട്ടും പോരാ. കേരളത്തിൽ ജീവിക്കേണ്ടവരായ ഇവർക്ക് മലയാളപരിജ്ഞാനം ശരിയായ ഒരു രക്ഷാകവചമാകുന്നില്ല. വളരെ ചുരുക്കം പേരാണ് വിദേശങ്ങളിലും മറ്റും പോകുന്നവർ. അവർക്കുവേണ്ട ഇംഗ്ലീഷ് പഠിക്കാൻ ഇത്രകാലം ക്ലാസിൽ നിന്ന് ഗുസ്തിപിടിക്കേണ്ടതില്ല. ശാസ്ത്രവിഷയങ്ങളിൽ ഉപരിപഠനം ആവശ്യമുള്ളവർക്ക് ഇംഗ്ലീഷ് തീവ്രപരിപാടി വഴി പഠിക്കാവുന്നതാണ്.

ഇവയുടെയൊക്കെ പേരിൽ മലയാളത്തിന്റെ നേരെ നടക്കുന്ന ആക്രമണങ്ങൾക്കു വിദ്യാഭ്യാസപരമായി ഒരു ന്യായീകരണവുമില്ല. ഭരണഘടനയെ പിടിച്ചു സത്യം ചെയ്യുന്ന ഭരണകർത്താക്കൾ മാതൃഭാഷാ ധ്വംസനത്തിന് നേതൃത്വം കൊടുക്കുന്നത് ആക്ഷേപാർഹമാണ്. അമ്മയോടു കാട്ടേണ്ട സ്നേഹാദരങ്ങളും അമ്മയ്ക്കു നൽകേണ്ട സുഖസൗകര്യങ്ങളും കുറച്ചുകുറച്ചു കൊണ്ടുവരുന്നതിൽ കേരളം മറ്റേതൊരു സംസ്ഥാനത്തേക്കാളും മുന്നിലാണെന്നതാണ് വസ്തുത. ഈ വഴിയിലൂടെ പോയാൽ മലയാളിക്ക് മലയാളം മാത്രമല്ല, ഇംഗ്ലീഷും നഷ്ടപ്പെടാതിരിക്കില്ല. ആരായാലും ആത്മാഭിമാനം വേണം.

(2008 ജനുവരി)

# ശാരദാമന്ദിരം ആസ്ഥാനമാക്കി ഭാഷാഗവേഷണ കേന്ദ്രം

**■ മുഖ്യമന്ത്രി ഉമ്മൻചാണ്ടി**



ഏ.ആർ.രാജരാജവർമ്മയുടെ സാഹിത്യപ്രവർത്തനങ്ങൾ വിശ്വതലത്തിൽ പ്രസിദ്ധി നേടുന്നതിന്റെ ഭാഗമായിട്ടാണ് ഏ.ആർ.രാജരാജവർമ്മ സ്മാരകഭരണസമിതി വെബ്സൈറ്റ് ആരംഭിച്ചിരിക്കുന്നത്. കേരളപാണിനിയെ ലോകമെമ്പാടും അറിയുവാൻ ഇതു കാരണമാകും. മലയാള ഭാഷയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട കാലഘട്ടമാണിത്.

ലളിതമെങ്കിലും വളരെ പ്രാധാന്യമുള്ള ഒരു ചടങ്ങാണിത്. കേരളപാണിനി ഏ.ആർ.രാജരാജവർമ്മയുടെ ഓർമ്മയും അദ്ദേഹത്തെക്കുറിച്ചുള്ള അറിവുകളും ലോകത്തിന് പകർന്നുകൊടുക്കുന്ന വെബ്സൈറ്റിന്റെ ഉദ്ഘാടനമാണ് ഇവിടെ നിർവ്വഹിക്കപ്പെടുന്നത്.

ഏ.ആർ.രാജരാജവർമ്മ മലയാളത്തിന് നൽകിയിട്ടുള്ള സംഭാവനകൾ, അതിന് അദ്ദേഹം വഹിച്ചിട്ടുള്ള പങ്ക് വളരെ വലുതാണ്. അദ്ദേഹത്തെക്കുറിച്ച്, അദ്ദേഹത്തിന്റെ കൃതികളെക്കുറിച്ചുള്ള കാര്യങ്ങൾ ഈ വെബ്സൈറ്റിലുണ്ടാവും. ലോകത്തെമ്പാടുമുള്ള മലയാളികൾക്ക് നിശ്ചയമായും ഇത് പ്രയോജനകരമാകും.

മലയാള യൂണിവേഴ്സിറ്റിയെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. എഴുത്തച്ഛന്റെ തിരൂരിലുള്ള സ്മാരകവുമായി ബന്ധപ്പെട്ട്, അതിനോടനുബന്ധിച്ച് മലയാള സർവ്വകലാശാല എന്ന ആശയമാണ് സ്വീകരിച്ചിരിക്കുന്നത്. അതുമായി ബന്ധപ്പെട്ടാണ് അതിന്റെ പ്രവർത്തനം മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നത്. മലയാള സർവ്വകലാശാല നവംബർ ഒന്നിന് നിലവിൽവരും. അതിന്റെ നടപടിക്രമങ്ങൾ പൂർത്തിയായതിനുശേഷം ശാരദാമന്ദിരം ആസ്ഥാനമാക്കി ഒരു ഭാഷാഗവേഷണകേന്ദ്രം നിശ്ചയമായിട്ടും നടപ്പിലാക്കും. അതിനുള്ള നടപടികൾ ഈ സർക്കാർ സ്വീകരിക്കും. ആ ഭാഷാഗവേഷണത്തിന് എല്ലാനിലയിലും പ്രസക്തിയുണ്ടാകും.

*വെബ്സൈറ്റ് ഉദ്ഘാടനപ്രസംഗത്തിന്റെ സംക്ഷിപ്തം.*

കേട്ടെഴുത്ത്- ജോർജ് തഴക്കര

# രാഷ്ട്രീയത്തിലെ രാജകീയം





■ **ഡോ.സിറിയക് തോമസ്**

**ഏ.**ആർ ഒരു പയനീയർ എന്നു പറയാവുന്ന ഗണത്തിലാണ് പെടുന്നത്. പയനീയർ എന്ന് സാധാരണ നമ്മൾ പറയുമ്പോൾ പുതിയ വഴിയിൽ ആദ്യം നടക്കുന്ന ആൾ എന്നാണ്. എന്നാൽ പയനീയർ വഴിയില്ലാത്തിടത്ത് വഴി ഉണ്ടാക്കി ആ വഴിയെ ആദ്യം നടക്കുന്ന ആളാണ്. ഏ.ആർ.തമ്പുരാൻ അങ്ങനെയുള്ള ഒരു പയനീയർ ആയിരുന്നു. അദ്ദേഹത്തിന്റെ സ്മരണയിലായി സംഘടിപ്പിക്കപ്പെടുന്ന സ്മാരകപ്രഭാഷണങ്ങൾ ഉദ്ഘാടനം ചെയ്യപ്പെടാനുള്ള ബലം എനിക്കു തരുന്നത് ഞാൻ വരുന്ന പ്രദേശത്തും സാഹിത്യത്തിന്റെ രണ്ടു പയനീയർമാർ ഉണ്ടായിരുന്നു എന്നുള്ളതുകൊണ്ടാണ്. വഞ്ചിപ്പാട്ടിന്റെ ശ്രീരാമപുരത്ത് വാര്യരും മലയാളത്തിലെ സഞ്ചാരസാഹിത്യശാഖയുടെ ആദ്യപയനീയർ എന്നു പറയാവുന്ന പാറമാക്കൽ അച്ചനും. ആ നിലയിലാണ് ഞാനും ഇവിടെ ഏറ്റവും ആദരവോടെ ഏ.ആർ.തമ്പുരാനെ കാണുന്നത്.

ഏ.ആർ ജീവിതത്തിലുടനീളം രാജകീയമായ സ്വഭാവത്തെ നിലനിർത്തിയ ആളാണ്. ക്വാളിറ്റി എന്ന അർത്ഥത്തിലാണ് ഈ രാജകീയത്വത്തെ ഞാൻ കാണുന്നത്. രാജകീയം എന്നതുകൊണ്ട് നാം ഉദ്ദേശിക്കുന്ന ആ ക്വാളിറ്റിയാണ്. ഭരണത്തിലായാലും സാഹിത്യത്തിലായാലും രാഷ്ട്രീയത്തിലായാലും ആത്മീയതയിലായാലും ഒക്കെ ഈ രാജകീയം ആകാവുന്നതാണ്. അത്തരം ഒരു രാജകീയതയാണ് ശ്രീ.ഏ.ആർ.തമ്പുരാൻ സാഹിത്യത്തിലും നല്കിയിട്ടുള്ളത്. ഏ.ആർ.രാജരാജവർമ്മ എന്നു പറയുമ്പോൾ ചിലർ ഹൗസ് ഹോൾഡ് നെയ്മ്സ് എന്നു ഇംഗ്ലീഷിൽ പറയും. എല്ലാ വീടുകളിലും സുപരിചിതമായ സാഹിത്യവുമായി, ഭാഷയുമായി അല്പമെങ്കിലും ബന്ധമുള്ള ആരെ സംബന്ധിച്ചും ഏ.ആർ.തമ്പുരാന്റെ പേര് ഹൗസ് ഹോൾഡ് നെയിമാണ്.

മലയാളം അറിയാവുന്നവർക്കൊക്കെ, മലയാളഭാഷ പഠിക്കുന്നവർക്കൊക്കെ ആ പേരിനെ അവരുടെ മനസ്സിൽനിന്നും മാറ്റിനിർത്തുവാൻ കഴിയുകയില്ല. ഏ.ആർ തമ്പുരാന്റെ ഒരു ക്വാളിറ്റിയായി ഇവിടെ വിശേഷിപ്പിച്ചത് അദ്ദേഹത്തിനു റോയൽറ്റിയായി കിട്ടിയ പണം കൊണ്ടാണ് ശാരദാമന്ദിരം പണിയിച്ചതെന്നാണ്. അവിടെയും ഒരു രാജകീയം ഉണ്ടെന്നു നാം മനസ്സിലാക്കുന്നു. പുസ്തകം എഴുതുന്നവർക്കു ലഭിക്കുന്ന പ്രതിഫലത്തെ റോയൽറ്റി എന്നാണ് പറയുന്നത്. അവിടെയും നാം രാജകീയം കാണുകയാണ്. റോയൽറ്റി കൊണ്ടു പണിയപ്പെട്ട അദ്ദേഹത്തിന്റെ സവിധത്തിൽ നിന്നുകൊണ്ടാണ് നാം ഏ.ആർ. തമ്പുരാനെ ആദരവോടെ ഇവിടെ സ്മരിക്കുന്നത്.

സ്മാരകപ്രഭാഷണങ്ങളൊക്കെ നമ്മുടെ സംസ്കാരത്തിന്റെ പ്രതിഫലനമാണ്. നമ്മുടെ പൈതൃകത്തെക്കുറിച്ച് ശ്രീ. അടൂർ ഗോപാലകൃഷ്ണൻ ഇവിടെ പറയുകയുണ്ടായി. സംസ്കാര പൈതൃകത്തിന്റെ, ആത്മീയ പൈതൃകത്തിന്റെ, സാമൂഹിക പൈതൃകത്തിന്റെ ഒക്കെ ഭാഗമാണ് പൂർവ്വീകരെ സ്മരിക്കുക എന്നത്. പൂർവ്വീകരെ നാം സ്മരിക്കുമ്പോൾ, അതുകൊണ്ട് അവരുടെ മഹത്വം വർദ്ധിക്കുകയോ, സ്മരിക്കാതിരിക്കുന്നതുകൊണ്ട് അവരുടെ മഹത്വം കുറയുകയോ ചെയ്യുന്നില്ല. കാരണം, ഇതൊന്നും അവരെ ബാധിക്കുന്നില്ല. അവരുടെ മഹത്വവും അതാണ്. എന്നാൽ ഓർമ്മിക്കേണ്ടുന്നവരെ ഓർമ്മിക്കാതെ പോയാൽ അതുകൊണ്ട് നഷ്ടം വരുന്നത് നമുക്കാണ്. ഓർമ്മിക്കേണ്ടവരെ ഓർമ്മിക്കുമ്പോൾ അതിന്റെ പുണ്യവും അനുഗ്രഹവും ഓർമ്മിക്കുന്നവർക്കാണ്. ഓർമ്മിക്കേണ്ടവരെ ഓർമ്മിക്കാതിരുന്നാൽ അതിന്റെ ദോഷവും ഓർമിക്കാൻ ബാധ്യതപ്പെട്ടിട്ടുള്ളവർക്കാണ്.

ഞാനും നിങ്ങളും ഈ പൈതൃകത്തിന്റെ ഭാഗമായി നിൽക്കുന്ന കാലത്തോളം ഏ.ആർ.തമ്പുരാനെപ്പോലെയുള്ളവരെ ഓർമ്മിക്കാൻ ബാധ്യതപ്പെട്ടവരാണ്. ഓർമ്മിക്കാതിരിക്കുന്നത് നമുക്ക് പാപമാണ്, ഓർമിക്കുന്നത് നമുക്ക് പുണ്യവുമാണ്. ആ നിലയിലാണ് ഞാൻ ഏ.ആർ.തമ്പുരാനെക്കുറിച്ചുള്ള ഈ സ്മാരകപ്രഭാഷണ പരമ്പരയുടെ ആദ്യത്തെ പ്രഭാഷണത്തിനായി നിൽക്കുന്നത്.

നാം ജീവിക്കുന്നത് ഒരു ജനാധിപത്യകാലഘട്ടത്തിലാണ്. ജനാധിപത്യലോകത്താണ്. നാം അനുസ്മരിക്കുന്നത് പഴയകാലത്തെ രാജകുടുംബത്തിൽ അംഗമായിരുന്ന ഒരു മഹാപ്രതിഭയേയുമാണ്. നമുക്ക് ജനാധിപത്യത്തെ, നമ്മുടെ ചിന്തയിൽനിന്നും മാറ്റിനിർത്താൻ ഒക്കില്ല. എങ്കിൽ എന്തുകൊണ്ട് ജനാധിപത്യരാഷ്ട്രീയത്തിലെ രാജകീയം നമുക്ക് ചിന്താവിഷയം ആയിക്കൂടാ. അവിടെയും

രാജകീയം എന്നതുകൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത് നേരത്തെ സൂചിപ്പിച്ചതുപോലെ ക്വാളിറ്റിയാണ്.

നമ്മുടെ ജനാധിപത്യത്തിന് സമൂഹത്തിന്, മതത്തിന്, രാഷ്ട്രീയത്തിന്, സ്ഥാനങ്ങൾക്ക് ഒക്കെ സംഭവിക്കാവുന്ന ദുരന്തം എന്നു പറയുന്നത് വലിയ പദവികളിൽ ചെറിയ മനുഷ്യർ വരിക എന്നുള്ളതാണ്. അത് മതത്തിലായാലും, രാഷ്ട്രീയത്തിലായാലും സ്ഥാപനങ്ങളിലായാലും ഒക്കെ ഇതു ബാധകമാണ്. വലിയ സ്ഥാനങ്ങളിൽ, ഉത്തരവാദിത്വങ്ങളിൽ ചെറിയ മനസ്സുള്ളവർ വരുന്നതാണ്. ക്വാളിറ്റി ആവശ്യമായ സ്ഥാനങ്ങളിൽ ക്വാളിറ്റി ഇല്ലാത്തവർ വരുന്നതാണ് സമൂഹത്തിൽ സംഭവിക്കാവുന്ന ദുരന്തങ്ങളിൽ ഒന്ന്. നമ്മുടെ സമകാലിക രാഷ്ട്രീയ ജനാധിപത്യ സാഹചര്യങ്ങളും സംഭവങ്ങളും അനുഭവങ്ങളും ഒക്കെ നാം അപഗ്രഥിക്കുമ്പോൾ നമുക്ക് പലപ്പോഴും തോന്നുന്ന ഒരു കാര്യം ഇവിടങ്ങളിലൊക്കെ ഈ ക്വാളിറ്റി ഡിക്ലൈൻ വരുന്നുണ്ടോ എന്നുള്ള സംശയമാണ്. അപ്പോഴാണ് നാം പഴയ കാലത്തേക്കു പോകുന്നത്. തൊണ്ണൂറ്റിനാലു വർഷം മുമ്പു കടന്നുപോയ മഹാനായിരുന്ന ഏ.ആർ.തമ്പുരാനെ അനുസ്മരിക്കുമ്പോൾ തീർച്ചയായും നമുക്ക് കഴിഞ്ഞ കാലങ്ങളിൽ, കഴിഞ്ഞ തലമുറകളിൽ നമ്മുടെ പൊതുരംഗത്തുണ്ടായിരുന്ന ചില രാജകീയ സാന്നിധ്യങ്ങൾ ഇന്നു നാം കാണുന്നതായ ദുഃഖകരമായ നമ്മുടെ സാക്ഷ്യങ്ങൾ.

ജനാധിപത്യത്തിലെ രാജകീയം സാധ്യമാണ് എന്നു തെളിയിച്ചിട്ടുള്ള അനവധി നേതാക്കന്മാർ നമുക്കുണ്ട്. പട്ടം താണുപിള്ള. ആദ്യം നമുക്ക് ഇവിടെ തുടങ്ങാം. പട്ടം താണുപിള്ള നമ്മുടെ രാഷ്ട്രീയത്തിലെ ഒരു രാജകീയ സാന്നിധ്യമായിരുന്നു എന്നതിൽ ഒരു സംശയവുമില്ല. കോൺഗ്രസുകാരനായിരുന്നു. പി.എസ്.പിയായിരുന്നു, മുഖ്യമന്ത്രിയായിരുന്നു, ഗവർണ്ണറായിരുന്നു. അതൊന്നുമല്ല; ഞാൻ അദ്ദേഹത്തിന്റെ ക്വാളിറ്റിയെക്കുറിച്ചാണ് പറയുന്നത്. പദവികളെക്കുറിച്ചല്ല. ക്വാളിറ്റി ഉണ്ടായിരുന്നതുകൊണ്ടാണ് അദ്ദേഹം വഹിച്ച പദവികളിലൊക്കെ അദ്ദേഹം മഹത്വത്തോടെ, ശോഭയോടെ പ്രവർത്തിച്ചതെന്നു ഞാൻ വിചാരിക്കുന്നു. തിരുവിതാംകൂറിൽ പട്ടം താണുപിള്ളയെ താണുപിള്ള സാർ എന്നല്ലാതെ ആരും വിളിച്ചിരുന്നില്ല. മഹാരാജാവ് ഒഴികെ. മഹാരാജാവിന് പ്രോട്ടോക്കോൾ പ്രകാരം അങ്ങനെ വിളിക്കാൻ സാധ്യമല്ലായിരുന്നതുകൊണ്ടാണ്, അല്ലെങ്കിൽ തീർച്ചയായും ശ്രീചിത്തിര തിരുനാളിനെപ്പോലുള്ള മഹാനായ ഒരു രാജാവും താണുപിള്ള സാർ എന്നുതന്നെ വിളിക്കുമായിരുന്നു. പ്രജയെ സാർ എന്നു വിളിക്കാൻ ഒരു രാജാവിന് നി വൃത്തിയില്ലാത്തതുകൊണ്ട് അദ്ദേഹം മിസ്റ്റർ താണുപിള്ളയെന്നു വിളിച്ചു. മഹാ

രാജാവ് ഒഴിച്ചു സർവ്വരും ഈ രാജ്യത്ത് സാർ എന്നു വിളിച്ച ഒരൊറ്റ നേതാവു മാത്രമെ നമുക്കുണ്ടായിട്ടുള്ളു. അതു പട്ടം താണുപിള്ള യേയാണ്.

തിരുവിതാംകൂറിന്റെ മുഖ്യമന്ത്രി, തിരുകൊച്ചി മുഖ്യമന്ത്രി, കേരള ത്തിന്റെ മുഖ്യമന്ത്രി. മൂന്നു സംസ്ഥാനങ്ങളിലും മുഖ്യമന്ത്രിയാകാൻ കഴിഞ്ഞ ഏക മലയാളിയും താണുപിള്ളസാറാണ്. അദ്ദേഹം സ്റ്റേറ്റ് കോൺഗ്രസിന്റെ പ്രസിഡന്റായിരുന്നു. മുഖ്യമന്ത്രിയായിരുന്നു. പാർട്ടിയ്ക്കുള്ളിൽ രണ്ടുസ്ഥാനവും ഒരാൾ വഹിക്കുന്നത് ഭംഗിയാ ണോ എന്ന തർക്കം. തർക്കമേ വന്നുള്ളു. ഒരു പ്രമേയം അങ്ങനെ വന്നേക്കാം എന്നു വന്നപ്പോഴാണ് പാർലമെന്ററി പാർട്ടിയിൽ താണു പിള്ള സാർ പറയുന്നു രണ്ടു പദവിയ്ക്കും ഞാൻ യോഗ്യനല്ലെ ങ്കിൽ എനിക്കു ഒരു പദവിയും വേണ്ട. ഒരേ സമയം മുഖ്യമന്ത്രി പദവും സ്റ്റേറ്റ് കോൺഗ്രസ് അദ്ധ്യക്ഷസ്ഥാനവും രാജിവച്ചുപോകു കയാണ്. അതാണ് രാജകീയം. ആരുടെ മുന്നിലും തന്റെ ആത്മാഭി മാനത്തെ അല്പമെങ്കിലും പണയപ്പെടുത്തികൊണ്ട് അധികാര ത്തിൽ തുടരാൻ ആഗ്രഹിക്കാതിരുന്ന, അധികാര മോഹിയെന്ന് അദ്ദേഹത്തിന്റെ രാഷ്ട്രീയ പ്രതിയോഗികളും ആക്ഷേപിച്ചിരുന്ന പട്ടം താണുപിള്ള. പട്ടം താണുപിള്ളയെപ്പോലെ മറ്റൊരു മുഖ്യ മന്ത്രി നമുക്കുണ്ടായിട്ടില്ല. ഇനി ഉണ്ടാവുകയുമില്ല. ഈ ജനു സ്സിൽപ്പെട്ട മറ്റൊരാളാണ് പറവൂർ ടി.കെ.നാരായണപിള്ള. അതു മ റ്റൊരു രാജകീയം. അദ്ദേഹം അധികം അറിയപ്പെടുന്ന ആളല്ല. വലിയ നേതൃ സിദ്ധികളൊന്നും അദ്ദേഹത്തിന് അവകാശപ്പെടാനില്ല. പക്ഷെ, ശ്രീ.സി. നാരായണപിള്ള അദ്ദേഹത്തിന്റെ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ഒരു ഒറ്റ സംഭവം മതി പറവൂർ ടി.കെ.യുടെ രാജകീയം തെളിയിക്കാൻ.

(തുടരും)

*ഏ.ആർ.രാജരാജവർമ്മയുടെ 94-ാം ചരമദിനാചരണത്തിന്റെ ഭാഗമായി മാവേലിക്കര ശാരദാമന്ദിരത്തിൽവച്ച് നടന്ന അനുസ്മരണസമ്മേളനത്തിൽ നടത്തിയ പ്രഭാഷണം.*

---



**സർഗ്ഗാത്മക ചിന്തകൾ-** എ.കെ.വി.നമ്പൂതിരി
പാമ്പുങ്ങൾ പബ്ലിക്കേഷൻസ്, മുംബൈ. വില:150 രൂപ
അര നൂറ്റാണ്ടുകാലം പത്രപ്രവർത്തന, അദ്ധ്യാപന, സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിച്ചപ്പോഴുണ്ടായ ചോദ്യങ്ങളിൽനിന്നും ഉരുത്തിരിച്ചെടുത്ത ഉത്തരങ്ങ ളുടെ സമാഹാരം. നാലു ഭാഗങ്ങളിലായി അമ്പതു ലേഖനങ്ങൾ. ആനുകാലിക പ്രസക്തിയുള്ള വിഷയ ങ്ങൾ.



# കീർത്തനക്കിളി

■ശ്രീപാദം ഈശ്വരൻ നമ്പൂതിരി

**ആ**ര്യനാം തുഞ്ചത്തെഴുത്തച്ഛനെ, ശ്രീ സ്വാതിയെ
ധ്യാനിച്ചു തുടങ്ങി നീ നിൻ കാവ്യഗാനാലാപം.
കാവ്യനർത്തകിയുടെ കാഞ്ചന ചിലങ്കയും
ഗാനകൈരളിയുടെ മാണിക്യ വിപഞ്ചിയും
കീർത്തനക്കിളിപ്പെണ്ണേ, നിന്മണിച്ചുണ്ടിൽ സ്വൈരം
മേളിച്ചു തീർന്നിടട്ടെ സർഗ്ഗസംഗീതാമൃതം!

കാകളികളകാഞ്ചികേകമഞ്ജരിയെല്ലാം
ദ്രാവിഡ വൃത്തങ്ങൾ തൻ നൃത്തങ്ങൾ ചവിട്ടട്ടെ.
ചമ്പചെമ്പടമുറിയടന്തപഞ്ചാരികൾ
ഇമ്പത്തിൽ സ്വച്ഛം താളമാലിയുതിർത്തിടട്ടെ.
പാടി ഇന്ദിളം പുറനീരഘണ്ടാരം പദം
പാടിയെത്തട്ടെ, രാഗവിസ്താരം തുടർന്നാലും!

ഗുരുതുഞ്ചനും വന്ദ്യകുഞ്ചനുമണിയിച്ച
മണിക്കിങ്ങിണി താളമേളങ്ങളുതിർക്കുമ്പോൾ
സ്വാതിയുമിരയിമ്മൻതമ്പിയും നാവിൽ തന്ന
നാദമാധുര്യം കൂടി പൊഴിക്ക, നീ ശാരികേ

അക്ഷര സൗന്ദര്യവും സപ്തസ്വരങ്ങൾക്കോലും
അക്ഷയമാധുര്യവും ചേർന്നുനിർഗ്ഗളിക്കെ, ഹാ!
ഏതു പാഴ്മന്ദദ്രവാം മാനവഹൃദന്തവും
ആനാകതരംഗിണി തീർത്ഥത്തിൽ കുളിർന്നേപോം?



# സ്വാമി വിവേകാനന്ദൻ- ചിക്കാഗോയിലെ ചിദാനന്ദൻ

■ ഡോ.അശോകൻ ഈര

മനുഷ്യമനസ്സുകളെ കീഴടക്കാൻ വാക്കുകൾക്കുള്ള ശക്തി അപരിമേയമാണ്. അന്യാദൃശമായ ഈ മാസ്മരികതയെ സുദൃഢം സാധൂകരിക്കും വിധമുള്ളവയാണ് പുരാണേതിഹാസങ്ങളിലും ചരിത്ര-സാഹിത്യാദികളിലുമൊക്കെയായി നാം കണ്ടെത്തുന്ന ദൃഷ്ടാന്തങ്ങളും 'അശ്വത്ഥാമാഹതഃ' എന്ന ഒരൊറ്റ മൊഴിയിലൂടെ എത്രയോ വ്യക്തമായി അത് ഉദാഹരിക്കപ്പെടുകയും ചെയ്യുന്നു! ഹൃദയാന്തരങ്ങളിലേക്കിറങ്ങിചെന്നു ചിന്തകളുടെ ഗതിവിഗതികളെ നിയന്ത്രിക്കുവാനും മനോവ്യാപാരങ്ങളെ മാറ്റിമറിക്കുവാനും വാക്കുകൾക്കുള്ള ശക്തി ഇന്ന് ശാസ്ത്രീയമായും തെളിയിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു. 1893 സെപ്റ്റംബർ 11ന് ചിക്കാഗോയിലെ ലോകമത മഹാസമ്മേളനത്തിൽ മുഴങ്ങിയ, ഭാരതീയ യോഗീശ്വരന്റെ; പുതിയൊരു സംസ്കാരത്തിന്റെ ഉദയത്തിന് നിദാനമായ ഉണർവ്വിന്റെ ഉൾവിളികൾ, പാശ്ചാത്യലോകത്തിന്റെ ബോധധാരകളെമാറ്റി മറിക്കുവാൻ പര്യാപ്തമാകുകയും ചിന്താവിപ്ലവത്തിന് വഴിതെളിക്കുകയും ചെയ്തു. എത്രയോ മതസമ്മേളനങ്ങൾ നടന്നിരിക്കുന്ന ചിക്കാഗോയിലെ സമ്മേളനത്തിനു മുന്നിലും പിന്നിലുമായി. എന്നാൽ 1893ലെ മഹാസമ്മേളനം മാത്രം ഇത്രയേറെ സ്മരിക്കപ്പെടുവാൻ ഇടയായത് ആ സമ്മേളനത്തിലെ വിവേകാനന്ദ സാന്നിധ്യവും അദ്ദേഹത്തിന്റെ വചനസുധകളുമാണ്. 'ഐതിഹാസികമായ ഒരു മായാലോകത്തുനിന്നും ഇറങ്ങിവന്ന ഒരു മായാരൂപം പോലെ' പ്രശോഭിച്ചിരുന്ന, തികച്ചും ശാന്തനായ കാഷായ വസ്ത്രധാരിയുടെ, ജിതേന്ദ്രിയനായ ആ

മഹായോഗിയുടെ വിശ്വവിഖ്യാതമായ പ്രഭാഷണം അത്ഭുതാദരങ്ങളോടെ ശ്രവിച്ച ഏഴായിരത്തിലധികമുള്ള മഹാമതപണ്ഡിത സദസ്സ് ഇരിപ്പിടങ്ങളുപേക്ഷിച്ച് എഴുന്നേറ്റുനിന്നു കരഘോഷങ്ങളോടെയാണ് സ്വീകരിച്ചത്. ആ മഹാസമ്മേളനത്തിൽ നിഴലിച്ചിരുന്ന തണുത്തുറഞ്ഞ ഔപചാരികതയെ വലിച്ചെറിഞ്ഞുകൊണ്ട് My brothers and sisters of America എന്ന സംബോധനയോടെ മുഴങ്ങിയ ഘനഗംഭീരനാദം എത്രയോ സഞ്ചാലകമായി എന്നത് കാലം തെളിയിച്ച കാര്യമാണ്.

കൊളംബസ് അമേരിക്ക കണ്ടുപിടിച്ചതിന്റെ നാനൂറാം വാർഷികം ആഘോഷിക്കുകയായിരുന്നു അമേരിക്ക. അതിന്റെ ഭാഗമായിട്ടായിരുന്നു ഒരു മതസമ്മേളനം കൂടി സംഘടിപ്പിച്ചിരുന്നത്. ക്രിസ്തുമതത്തെ ആദരിക്കാൻവേണ്ടി വിളിച്ചുകൂട്ടിയ ആ മഹാസഭയിൽ സനാതന ധർമ്മത്തിന്റെ വിജയപതാക വിടർത്തി പറത്തുവാൻ ഇടയായതോ തികച്ചും യാദൃശ്ചികം! 1887 മുതൽ പരിവ്രാജകനായി ഭാരതമാകെ ചുറ്റിസഞ്ചരിച്ച് ആർഷസന്ദേശങ്ങളും സനാതനധർമ്മങ്ങളും ഉദ്ബോധിപ്പിക്കുന്നതിൽ മുഴുകിയിരുന്ന സ്വാമിജി, തന്റെ ഭാരതപര്യടനത്തിനിടയിൽ കാണാനിടയായ ദുർഗ്ഗതികളിൽ ഏറെ ദുഃഖിതനായിരുന്നു. ദാരിദ്ര്യവും, അജ്ഞതയും അനാരോഗ്യവും കീഴ്പെടുത്തിയ ഒരു ജനസമൂഹത്തിന്റെ ഉദ്ഗതിയ്ക്ക് ആത്മീയപോഷണത്തോടൊപ്പം ഭൗതികഭദ്രതയും അനിവാര്യമായിരുന്നു. 'എന്റെ നാട്ടിൽ ഒരു പട്ടിപോലും പട്ടിണികിടക്കുന്ന കാലത്തോളം അതിനെ പോറ്റുകയാണ് എന്റെ ധർമ്മം. മറ്റുള്ളതെല്ലാം അധർമ്മമോ വിധർമ്മമോ ആണ്' എന്നു വിശ്വസിച്ചിരുന്ന വിവേകാനന്ദൻ, ദരിദ്രനാരായണന്മാരുടെ പട്ടിണി അകറ്റുക എന്ന ലക്ഷ്യപ്രാപ്തിക്കുള്ള പ്രയാണത്തിനിടയിലാണ് 1893ൽ അമേരിക്കയിലും എത്തപ്പെട്ടത്. ഭാരതത്തിന്റെ ഭൗതികോൽക്കർഷത്തിനുവേണ്ടിയുള്ള ധനസമ്പാദനമായിരുന്നു ലക്ഷ്യം. മത മഹാസമ്മേളനത്തിൽ പങ്കെടുക്കുക എന്നതോ അദ്വൈതവേദാന്തപ്രചരണം നടത്തുക എന്നതോ ഒന്നുമായിരുന്നില്ല മുഖ്യോദ്ദേശ്യം. 'ദരിദ്രജനങ്ങളുടെ പരിത്രാണവും ഉന്നമനവുമാണ് മതത്തിന്റെ പ്രഥമ കർത്തവ്യം. 'വിശക്കുന്നവനുള്ളതല്ല മതം' എന്ന നല്ല ബോധവും അദ്ദേഹത്തിനുണ്ടായിരുന്നു. അമേരിക്കയിൽ എത്തിയ സ്വാമിജിക്ക് വളരെ പെട്ടെന്നുതന്നെ; ഭാരതീയരുടെ ദാരിദ്ര്യം നീക്കുന്നതിലല്ല, മറിച്ച് ദാരിദ്ര്യം ചൂഷണം ചെയ്ത് മതപ്രചരണത്തിലൂടെ കൂടുതൽ ആളുകളെ തങ്ങളുടെ മതത്തിൽ ചേർക്കുന്നതിനാണ് അമേരിക്കയ്ക്ക് താല്പര്യമെന്ന് മനസ്സിലായി. മാത്രമല്ല, ഇതിലേക്കായി, ഭാരതീയർ അന്ധവിശ്വാസികളും അജ്ഞരും ഭൂതപ്രേതങ്ങളെ ഊട്ടുന്നവരും പെൺകുട്ടികളെ ചീങ്ക

ണ്ണിക്ക് എറിഞ്ഞുനൽകുന്നവരുമാണ് എന്നും മറ്റുമുള്ള കുപ്രചരണ ങ്ങളിലൂടെയും കുതന്ത്രങ്ങളിലൂടെയും പാതിരിമാർ പണം പിരി ച്ചെടുത്ത് ദുർവിനിയോഗം ചെയ്യുന്നതായും മനസ്സിലാക്കി. ഇത്തരം അനാരോഗ്യപ്രവർത്തനങ്ങൾ അവസാനിപ്പിക്കേണ്ടതും ഭാരത ത്തിന്റെ ആദ്ധ്യാത്മിക സമ്പത്തിന്റെ അന്തസത്ത തുറന്നുകാട്ടേ ണ്ടതും അത്യാവശ്യമാണെന്നു മനസ്സിലാക്കിയ സ്വാമിജി തന്റെ കർത്തവ്യം അതിവേഗം നിർവ്വഹിക്കുവാൻ തുടങ്ങുകയാണുണ്ടാ യത്. അങ്ങിനെയാണ്, ആദ്ധ്യാത്മികത, ആത്മാഭിമാനം, സ്വാതന്ത്ര്യം, നിർഭയത്വം തുടങ്ങിയ മൂല്യങ്ങളും വേദാന്ത സന്ദേശങ്ങളും പ്രച രിപ്പിക്കാൻ തുടങ്ങിയത്. അതിനിടയിൽ കണ്ടുമുട്ടിയ ഹാർവാർഡ് യൂണിവേഴ്സിറ്റിയിലെ ഗ്രീക്കു പ്രൊഫസർ, ജോൺ.എച്. റൈറ്റ് ആണ് സ്വാമിജിയുടെ പേരുകൂടി മതസമ്മേളനത്തിലെ അവസാന പ്രഭാഷകനായി ചേർക്കാൻ അവസരമുണ്ടാക്കിയത്. ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നുമുള്ള മതപണ്ഡിതന്മാരുടെ സമ്മേളന ത്തിനിടയിലേക്ക് പ്രത്യേക തയ്യാറെടുപ്പുകളൊന്നുമില്ലാതെയാണ് എത്തപ്പെട്ടത്. 1888മുതൽക്കുള്ള പ്രഭാഷണ- പര്യടന പരമ്പരകളി ലൂടെ ഇതിനോടകം തന്നെ നരേന്ദ്രനാഥ് ദത്ത് നരേന്ദ്രനായും വിവി ദിശാനന്ദനായും വിവേകാനന്ദനായും മാറിക്കഴിഞ്ഞിരുന്നു.

1893 സെപ്റ്റംബർ 11 തിങ്കളാഴ്ച മതമഹാസഭയുടെ മുഖ്യസ്ഥാന മലങ്കരിച്ചിരുന്നത് കാർഡിനൽ ഗിബ്ബൻസ് ആയിരുന്നു. വിവിധ മത പ്രതിനിധികളായ പ്രഭാഷകർ വേറെയും. സ്വാമിജിയാകട്ടെ ഒരു പ്രത്യേക മതവിഭാഗത്തിന്റെയോ സമുദായത്തിന്റെയോ പ്രതിനിധീ കരിക്കാത്ത ഒരു സാധാരണ സാധുവും. മറ്റുള്ളവർ അവരവരുടെ മതവിഭാഗത്തെപ്പറ്റി വാചാലരായപ്പോൾ, സ്വാമിജിയാകട്ടെ സർവ്വമ തങ്ങളും തമ്മിലുള്ള ഐക്യത്തെക്കുറിച്ച് ഹൃദയാവർജ്ജകമായി സംസാരിച്ചു. 'ഹിന്ദുക്കളുടെ ബ്രഹ്മവും സൊറാസ്റ്ററുടെ അഹൂര മസ്ഡയും ബൗദ്ധരുടെ ബുദ്ധനും യഹൂദരുടെ യഹോവയും ക്രിസ്ത്യാനികളുടെ സ്വർഗ്ഗസ്ഥനായ പിതാവുമായ നിന്തിരുവടി നിങ്ങൾക്കുവേണ്ട കരുത്തു നൽകട്ടെ! ക്രിസ്ത്യാനി, ഹിന്ദുവോ, ബൗദ്ധനോ ആകേണ്ടതുമില്ല. അതുപോലെ ഹിന്ദു ക്രിസ്ത്യാ നിയോ ബൗദ്ധനോ ആകേണ്ടതുമില്ല. എന്നാൽ ഓരോരുത്തരും മറ്റുള്ളവരുടെ വിശ്വാസസാരത്തെ സാത്മീകരിച്ചുകൊണ്ട് സ്വന്തം വ്യക്തിത്വത്തെ പരിരക്ഷിക്കുകയും വളർച്ചയുടെ സ്വന്തം നിയമം അനുസരിച്ച് വളരുകയും വേണം. പവിത്രതയും വിശുദ്ധിയും ചാരി ത്ര്യവും ഏതെങ്കിലും ഒരു മതത്തിന്റെ പ്രത്യേക സ്വത്തല്ലെന്നും എല്ലാ മതവിഭാഗവും ഉത്കൃഷ്ടരായ സ്ത്രീപുരുഷന്മാരെ പ്രദാനം ചെയ്തിട്ടുണ്ടെന്നും മതമഹാസമ്മേളനം തെളിയിച്ചിരിക്കുന്നു. ഓരോ

മതത്തിന്റെയും പതാകയിൻമേൽ മത്സരത്തിന്റെ അടയാളം ഉണ്ടെങ്കിലും അചിരേണ ഇങ്ങനെ ആലേഖനം ചെയ്യപ്പെടും. 'സഹായിക്കയല്ലാതെ തരമില്ല. ഉൾകൊള്ളുക അല്ലാതെ നശിപ്പിക്കലല്ല', 'അനുരഞ്ജനവും ശാന്തിയുമല്ലാതെ വിസമ്മതവും വിദ്വേഷവുമല്ല'. ഇങ്ങനെ അനർഗ്ഗളമായി നിർഗ്ഗമിച്ച അർത്ഥഗർഭവും ആത്മാർത്ഥവുമായ ഒരു ആദ്ധ്യാത്മിക പ്രഭാഷണം പോലെ മറ്റൊന്ന് ആ സമ്മേളനത്തിൽ അതുവരെ ശ്രദ്ധിക്കപ്പെട്ടിരുന്നില്ല.

'മതമഹാസമ്മേളനത്തിലെ ഏറ്റവും സമുന്നതൻ. അദ്ദേഹത്തിന്റെ പ്രസംഗം ശ്രവിച്ച ഞങ്ങൾക്ക് ഇത്രയും വിജ്ഞാനസമൃദ്ധമായ ഒരു ജനതയുടെ ഇടയിലേക്ക് മിഷനറിമാരെ അയയ്ക്കുന്നതിലുള്ള വിഡ്ഢിത്തം ബോധ്യമായി'. എന്നിപ്രകാരമാണ് അമേരിക്കൻ പത്രങ്ങൾ ആ പ്രഭാഷണത്തെക്കുറിച്ച് റിപ്പോർട്ടു ചെയ്തത്. 'വാളിന്റെ സഹായം കൂടാതെ ക്രിസ്തുമതം ഒരിടത്തും വിജയം വരിച്ച ചരിത്രമില്ല' എന്നിത്യാദി ആനുഷംഗിക പരാമർശങ്ങൾ ക്രിസ്ത്യൻ മിഷനറിമാരെ അസ്വസ്ഥരാക്കിയിരുന്നു. എങ്കിൽകൂടി നേരിനെ നിർഭയമായും അഭിപ്രായങ്ങളെ ആത്മധൈര്യത്തോടെയും അവതരിപ്പിക്കുവാനും വിമർശനങ്ങളെ അക്ഷോഭ്യനായി നേരിടുവാനുമുള്ള സുദൃഢമായ സന്മാർഗ്ഗനിഷ്ഠയും സുധീരമായ ആദർശാത്മകതയുമുള്ള ആ മഹാമാന്ത്രികന്റെ വാക്ധോരണിക്കു മുമ്പിൽ പക്ഷേ, അവയെല്ലാം നിഷ്പ്രഭമാകുകയാണുണ്ടായത്. ഈയൊരു പ്രഭാഷണത്തിനുശേഷം അമേരിക്കയിലും ബ്രിട്ടനിലും ലോകത്തിന്റെ നാനാഭാഗങ്ങളിലുമായി ഹിന്ദുമതത്തിന്റെ മുഖമുദ്രയായ സർവ്വചരാചരസമഭാവനയിലും സഹനത്തിലും അധിഷ്ഠിതമായ ഭാരതീയ സംസ്കാരത്തെപ്പറ്റിയും ഹിന്ദുദർശനത്തെപ്പറ്റിയും സ്വാമിജിയുടെ പ്രഭാഷണപരമ്പരകൾ തന്നെയാണുണ്ടായത്. എത്രയോ എതിർപ്പുകളും ഭീഷണികളും നേരിട്ടു! അതിലുമെത്രയോ ആരാധകരേയും അനുയായികളേയും നേടിയെടുത്തു. അമേരിക്കൻ തത്ത്വജ്ഞാനി വില്യം ജെയിംസ് പറയുന്നു 'വിവേകാനന്ദൻ മതപ്രചരണം ചെയ്യാൻ തുടങ്ങിയപ്പോഴേക്കും അദ്ദേഹത്തിന്റെ സന്ദേശത്തിനുവേണ്ടി ആർത്തിപൂണ്ട സ്ത്രീപുരുഷന്മാർ രാജ്യത്തിന്റെ നാനാഭാഗങ്ങളിൽനിന്നും ഉഴറിയെത്തി. മണിമേടകളിലും വിശ്വവിദ്യാലയങ്ങളിൽ നിന്നും വന്നവർ, ആത്മാർത്ഥതയുള്ള വിശുദ്ധ ക്രിസ്ത്യാനികൾ, കറയറ്റ സ്വതന്ത്രചിന്തകർ, അജ്ഞേയവാദികൾ ഇവരെല്ലാം ചുറ്റിലും തിങ്ങിക്കൂടി'. അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളുടെ മഹത്വത്തിലും ആകർഷണീയതയിലും ആകൃഷ്ടരാകുകയും, അത്ഭുതം കൂറുകയും ചെയ്ത് ഓരോ പ്രഭാഷണങ്ങൾക്കുശേഷവും അദ്ദേഹത്തിനടുത്തെത്തുവാൻ സ്ത്രീകളടക്കമുള്ള വലിയ ജനക്കൂട്ടം എപ്പോഴും തിക്കും

തിരക്കും കൂട്ടിയിരുന്നു. ക്രിസ്തീയ ലോകത്തിന്റെ അഹസിഷ്ണു തയ്ക്കപ്പുറത്തേക്ക് വിവേകാനന്ദദർശനം ആഴത്തിൽ സ്വാധീനിച്ചു എന്നതിന്റെ പ്രത്യക്ഷതെളിവുകളാണ് ഹിന്ദു ദർശനങ്ങൾ പഠി ക്കാനും പാലിക്കുവാനും വിവേകാനന്ദശിഷ്യരാകുവാനും ഹിന്ദുമ താനുയായികളാകുവാനും ധാരാളമാളുകൾ തയ്യാറായി മുന്നോട്ടു വന്നു എന്നത്.

വിവേകാനന്ദന്റെ വിശ്രുതമായ ഗ്രന്ഥം 'രാജയോഗം' സ്വാമിജി പറ ഞ്ഞത് കേട്ടെഴുതി തയ്യാറാക്കിയ മിസ്സ് എസ്.ഇ വാൽസോ എന്ന വിദേശവനിത, പിൽക്കാലത്ത് സ്വാമിജിയുടെ ശിഷ്യയായിത്തീരു കയും വിവേകാനന്ദദർശനങ്ങളെ പിൻതുടർന്ന് സിസ്റ്റർ ഹരിദാസി എന്ന പേര് സ്വീകരിക്കുകയുമാണുണ്ടായത്. മിസ് ഗ്രീൻസ്റ്റിഡൽ എന്ന വനിതയും സിസ്റ്റർ ക്രിസ്റ്റിൻ എന്ന പേരിൽ ഇതേ പാത തുടർന്നു. വിവേകാനന്ദന്റെ ജീവിതചര്യ പിൻതുടർന്ന സന്തത സഹ ചാരിയും കാര്യദർശിയും സ്റ്റെനോഗ്രാഫറുമായ മിസ്റ്റർ ജെ.ജെ. ഗുഡ്വിൽ, സേവ്യർ ദമ്പതികൾ തുടങ്ങി എത്രയോ പേരുകൾ അനു ചരവൃന്ദത്തിൽ ചേർക്കുവാനുണ്ടെങ്കിലും അദ്ദേഹവുമായി അത്ര മേൽ അടുപ്പമുണ്ടായിരുന്നവരെ സൂചിപ്പിച്ചു എന്നുമാത്രം. ലണ്ടൻ സ്കൂളിലെ ഹെഡ്മിസ്ട്രസ് ആയിരുന്ന മിസ്. മാർഗരറ്റ് നോബിൾ, വിവേകാനന്ദന്റെ വചനങ്ങൾക്ക് സദാപി കാതോർത്തിരുന്ന ഏറ്റവും പ്രമുഖ വനിതയാണ്. വിവേകാനന്ദദർശനങ്ങളിൽ പ്രബുദ്ധയാകു കയും ബ്രഹ്മചര്യം സ്വീകരിച്ച് സിസ്റ്റർ നിവേദിത എന്ന പേരിലറി യപ്പെട്ട ആ മഹതി വിവേകാനന്ദ പ്രസ്ഥാനങ്ങളുടെ മാതൃദേവിയാ യിത്തീർന്നു. ഭാരതീയ സംന്യാസിസംഘത്തിൽ ഇദംപ്രഥമമായി സ്വീകരിക്കപ്പെടുന്ന പാശ്ചാത്യവനിതയാണ് ഇവർ. സ്വാമിജിയുടെ ആശയങ്ങളും ചിന്താഗതികളും അണുവിട വിടാതെ ജീവിതത്തി ലേക്ക് പകർത്തിയ അവരുടെ The master as I saw him എന്ന പുസ്തകം വിവേകാനന്ദന്റെ ജീവിതത്തെക്കുറിച്ചുള്ള വലിയൊരു പാഠമാണ്. സങ്കുചിതമായ ജാതി മത ചിന്തകൾക്ക് അതീതമായ വിശ്വസ്നേഹത്തിന്റെയും ത്യാഗത്തിന്റെയും സാഹോദര്യത്തി ന്റെയും സന്ദേശം ലോകജനതയ്ക്കു എങ്ങിനെ സ്വീകാര്യമായി എന്നത് മേല്പറഞ്ഞവരുടെ ജീവിതം തന്നെ വെളിവാക്കുന്നു. 'വസു ധൈവകുടുംബകം' സാർത്ഥകമാകുന്നു.

ചിക്കാഗോ പ്രസംഗം ശ്രദ്ധിക്കപ്പെട്ടതോടെ, സെപ്റ്റംബർ 11 മുതൽ 27 വരെ നടത്തപ്പെട്ട മതസമ്മേളനത്തോടനുബന്ധിച്ചുണ്ടായിരുന്ന ശാസ്ത്രസമ്മേളനവേദികളിൽ തുടർദിവസങ്ങളിലെ പ്രഭാഷണ ങ്ങൾക്കായി വിവേകാനന്ദനെ പ്രത്യേകം ക്ഷണിച്ചു. പിന്നീടുണ്ടായ പ്രസംഗപരമ്പരകളുടെ വേലിയേറ്റം പാശ്ചാത്യ ഗർവ്വ് ആകെയും

വിസ്മൃതമാക്കി. 'ന്യൂയോർക്ക് ബോസ്റ്റൺ, ഡേട്രോയിറ്റ് മുതലായ സ്ഥലങ്ങളിൽ സാമാന്യജനങ്ങൾ അടങ്ങിയ ശ്രോതാക്കളുടെയും ഹാർട്ട്ഫോർഡിലെ അദ്ധ്യാത്മവിദ്യാസംഘത്തിന്റെയും ബ്രൂക്ക്‌ലിനിലെ ധർമ്മശാസ്ത്രസംഘത്തിന്റെയും മുമ്പിൽ അദ്ദേഹം പ്രസംഗങ്ങൾ നടത്തി.' ഹാർവാർഡ് സർവ്വകലാശാല പൗരസ്ത്യശാസ്ത്ര വിഭാഗത്തിന്റെ അദ്ധ്യക്ഷപീഠവും കൊളംബിയ സർവ്വകലാശാല സംസ്കൃത വിഭാഗത്തിന്റെ അദ്ധ്യക്ഷ പദവിയും അദ്ദേഹത്തിനു നൽകി ആദരിച്ചു.

ഹിന്ദുവിന്റെ നിഷ്പത്തിയെക്കുറിച്ചും ആരാണ് ഹിന്ദു എന്നതിനെക്കുറിച്ചും ഇത്തരുണത്തിൽ അറിയേണ്ടിയിരിക്കുന്നു. പുരാതന-ഭാരതസാംസ്കാരിക കേന്ദ്രങ്ങളായിരുന്ന സിന്ധു-ഗംഗാ നദീതടങ്ങളുമായി ബന്ധപ്പെടുത്തി, സിന്ധുനദീതടവാസികളെ സിന്ധു എന്നു പറഞ്ഞു വന്നിരുന്നത് പിന്നീട് 'ഹിന്ദു' എന്ന് ആയിതീരുകയും അതു പിന്നീട് ഭാരതീയർക്കു ആകെയുള്ള പൊതുസംജ്ഞ എന്ന നിലയിൽ ഇംഗ്ലീഷുകാർ വ്യത്യസ്തമായി ഇൻഡോ, ഇൻഡസ് (Indus Valley- സിന്ധുനദീതടം) ഇൻഡ്യാ എന്നിപ്രകാരം ഉപയോഗിച്ചുതുടങ്ങി എന്നതും ചരിത്രവായനക്കാർ മനസ്സിലാക്കിയിട്ടുള്ളതാണല്ലോ. അനാദികാലം മുതൽ ഭാരതത്തിൽ ഉത്ഭവിച്ചു വളർന്നു വികസിച്ചിട്ടുള്ള സർവ്വസാംസ്കാരിക പാരമ്പര്യത്തിലേയും എല്ലാ വിഭാഗങ്ങളുടെയും കൂടിയുള്ള നാമമായ 'ഹിന്ദു' എന്നത് ദേശീയ സംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും പ്രതീകമാണ്. ആദിമ നിവാസികൾ മുതൽ ഇരുപതാം നൂറ്റാണ്ടിലെ പരിഷ്കൃത മനുഷ്യർ വരെയുള്ളവരുടെ ഭാവനകളും തത്വചിന്തകളും വിലയിച്ചിട്ടുള്ള വിശാലമായൊരു മതമാണ് ഹിന്ദുമതം. ഭാരതദേശത്തിൽ ഉത്ഭവിച്ച സനാതനധർമ്മങ്ങൾ ആദ്ധ്യാത്മിക ദർശനങ്ങൾ എന്നിവയെ പൊതുവായോ ഭാഗികമായോ സ്വധർമ്മാദർശമായി വിശ്വസിച്ചാദരിക്കുകയും ഭാരതത്തെ മാതൃഭൂമിയായും പുണ്യഭൂമിയായും കരുതി ബഹുമാനിക്കുകയും ചെയ്യുന്നതാരോ അയാൾ ഹിന്ദുവും. ചുരുക്കത്തിൽ ഇന്ത്യക്കാരുടെ മതമെന്നോ ഇന്ത്യയിലെ മതമെന്നോ മാത്രമേ ഈ പദത്തിന് അർത്ഥം കല്പിക്കേണ്ടതുള്ളു. ഈ വിധമായ വസ്തുവകകളെ വിസ്മരിച്ചും ഹിന്ദു എന്ന പദത്തെ വർഗ്ഗീയവത്കരിച്ചും കാഷായ വസ്ത്രധാരികൾ കപടരാണെന്നും കരുതി, ഭാരതീയരെ അജ്ഞാനികളുടെ വിഡ്ഢികളും അന്ധവിശ്വാസികളുമായി ചിത്രീകരിക്കപ്പെടുകയായിരുന്നു, വിദേശിയർ. ഈ ഒരു അവസ്ഥയിൽ സ്വാമി വിവേകാനന്ദന്റെ ചിക്കാഗോ പ്രസംഗം ശ്രദ്ധനേടുകയും സനാതന ധർമ്മത്തിന്റെ വിശ്വവശ്യതയിലാകൃഷ്ടരായ വിദേശിയർ ഹിന്ദുമതം സ്വീകരിക്കാൻ തയ്യാറായതും ഏതൊരു ഭാരതീയന്റെയും അഭിമാനത്തെ ഉണർത്തുന്നതുമാണ്. (തുടരും)



# ആദ്യ ചെറുകഥാകാരന് നൂറ്റിയമ്പത് വയസ്സ്

**ജി.ഡി. നായർ**

**മ**ലയാള ചെറുകഥാ പ്രസ്ഥാനത്തിന് അസ്ഥിവാരമിട്ടവരിൽ പ്രഥമഗണനീയനായി പരിഗണിക്കപ്പെടുന്ന വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ എന്ന കേസരി നായനാർക്ക് 150 വയസ്സ് പൂർത്തിയായി. അദ്ദേഹത്തിന്റെ വാസനാ വികൃതിയാണ് ഭാഷയിലെ ആദ്യത്തെ ചെറുകഥയായി പരിഗണിക്കുന്നത്. പത്രപ്രവർത്തകൻ, ഉപന്യാസകാരൻ, കൃഷിശാസ്ത്ര ഗവേഷകൻ എന്നീ നിലകളിലും നായനാർ പ്രഖ്യാതനായിരുന്നു. ഉത്തരകേരളത്തിലെ ഗദ്യ സാഹിത്യ ശാഖയിൽ നിസ്തുലമായ സംഭാവനകളാണ് അദ്ദേഹം നൽകിയിട്ടുള്ളത്.

പയ്യന്നൂരിനു സമീപമുള്ള കുറ്റൂരിലെ ജന്മി കുടുംബമായ വേങ്ങയിൽ തറവാട്ടിൽ 1861 ൽ ജനിച്ചു. അമ്മ കുഞ്ഞാക്കമ്മയും അച്ഛൻ തളിപ്പറമ്പിലെ സമ്പന്ന കുടുംബാംഗമായ ഹരിദാസൻ സോമയാജിരിയും. കൊല്ലും കൊലയും കുലാധാരികമായി കൊണ്ടു നടന്ന ജന്മിത്വത്തിന്റെ പ്രതാപകാലത്താണ് കുഞ്ഞിരാമൻനായനാരുടെ ജനനം. പാട്ടം, വാരം തുടങ്ങി അനേകം അക്രമപ്പിരിവുകൾ കൊണ്ട് കൈവശക്കുടിയാന്മാരെ ജന്മിമാർ കണക്കില്ലാതെ പിഢീപ്പിച്ചിരുന്നു.

കേസരിക്കുള്ള ജന്മിപ്പരിവേഷം കൊണ്ടാവാം സർഗ്ഗ സമ്പന്ന സാഹിത്യകാരനായിട്ടും സമൂഹ പരിഗണന കിട്ടാതിരുന്നത്.പാരമ്പര്യ വിദ്യാഭ്യാസത്തിന്റെ അടിയിളകുകയും ഇംഗ്ലീഷുകാർ കൊണ്ടുവന്ന ആധുനിക വിദ്യാഭ്യാസം സാവധാനം അരിച്ചിറങ്ങുകയും ചെയ്തു കൊണ്ടിരുന്ന കാലം വിദ്യാഭ്യാസത്തിന്റെ പുതുവഴിയിലൂടെയാണ് നായനാരെ പിതാവ് നയിച്ചത്. എങ്കിലും സംസ്കൃതവും കാവ്യാലങ്കാരങ്ങളും സ്വായത്തമാക്കുന്നതിൽ അലംഭാവം കാട്ടിയതുമില്ല.

കോളേജ് വിദ്യാഭ്യാസം കോഴിക്കോടാരംഭിച്ചതോടു കൂടി അദ്ദേഹത്തിന്റെ സാഹിത്യ താൽപര്യം പുതുവഴികൾ തേടി. അവിടുത്തെ പ്രസിദ്ധീകരണങ്ങളും എഴുത്തുകാരും ഇഷ്ടതോഴരായി. പഠനത്തെക്കാൾ പ്രധാനം വായനയും എഴുത്തുമായി മാറി.

18 -ാമത്തെ വയസ്സിൽ അതായത് 1879ൽ ആദ്യ ലേഖനം തിരുവ ന്തപുരത്തു നിന്നു പ്രസിദ്ധീകരിക്കുന്ന കേരള ചന്ദ്രികയിൽ പ്രകാ ശിതമായി. കോഴിക്കോട്ടെ പഠനകാലത്ത് പല പേരുകളിലായി ഇംഗ്ലീ ഷിലും മലയാളത്തിലും നിരന്തരമായി എഴുതിക്കൊണ്ടിരുന്നു.

വജ്രബാഹു, വജ്രസൂചി, കേസരി, ദേശാഭിമാനി എന്നിങ്ങനെ അനേകം തൂലികാ നാമങ്ങൾ അദ്ദേഹം ഉപയോഗിച്ചു. അതിനിട യിൽ കേസരി എന്ന പേരിലുള്ള പ്രസിദ്ധീകരണത്തിന്റെ പത്രാധി പരുമായി. അങ്ങനെ സാഹിത്യ ലോകത്ത് കേസരി നായനാർ എന്ന് സ്ഥിര പ്രതിഷ്ഠ നേടുകയും ചെയ്തു.

സാഹിത്യ ഭ്രാന്തു തലയ്ക്കു പിടിച്ചതിനാൽ ഇന്റർ മിഡിയറ്റിനു സമാന്തരമായ എഫ്.എ പരീക്ഷയിൽ തോറ്റു. പിന്നീട് പഠനം മദി രാശിയിലേക്കാണു മാറ്റിയത്. നിയമം പഠിച്ച് വക്കീലാകണം, അതാ യിരുന്നു വീട്ടുകാരുടെ ആഗ്രഹം എന്നാൽ മറ്റൊരു വഴിയിലേക്കാണ് കാര്യം തിരിഞ്ഞത്. അവിടെവെച്ചു പരിചയപ്പെട്ട വില്യംലോഗൻ കൃഷിശാസ്ത്ര പഠനത്തിനാണ് നായനാരെ പ്രേരിപ്പിച്ചത്. പ്രചുര പ്രചാരം നേടിയ മലബാർ മാന്വലിന്റെ കർത്താവും മലബാർ കള ക്ടറുമായിരുന്നു അന്ന് ലോഗൻ. മദിരാശിയിലെ ജീവിത കാലം അറിവും കഴിവും നേടാൻ കൂടുതൽ സഹായകമായി.

അതിനിടയിൽ മലയാള സാഹിത്യത്തിന് ഒരു തങ്കപ്പതക്കമായി വാസനാവികൃതി എന്ന ചെറുകഥ സമ്മാനിച്ചു. മോഷണ വാസന ജന്മനാ സിദ്ധിച്ചിട്ടുള്ള ഒരു കള്ളന്റെ ആത്മകഥാഖ്യാനമാണ് വാസനാവികൃതിയിലെ കേന്ദ്രബിന്ദു. ഒരു നമ്പൂതിരിയുടെ ഇല്ലത്തു കടന്ന് ആഭരണപ്പെട്ടി മോഷ്ടിക്കുന്നതും അത് അയാളുടെ പ്രിയ തമയ്ക്ക് സമ്മാനിക്കുന്നതും കേസരി നായനാർ ഇതിൽ ഭാവാത്മ കമായി ചിത്രീകരിച്ചിട്ടുണ്ട്.

വാസനാവികൃതിക്കു പുറമേ ദ്വാരക, പരമാർത്ഥം, മദിരാശി പിഞ്ഞലാട്ടം, ഒരുപൊട്ട ഭാഗ്യം, ശീട്ടുകളി, കഥയൊന്നുമല്ല എന്നി ങ്ങനെ 11 ചെറുകഥകൾ എഴുതിയിട്ടുണ്ട്. സംഭവ പ്രധാനമായ ഇതി വൃത്തം, ഗുണപാഠ സന്ദേശം, സാമൂഹ്യ വിമർശനം,സദാചാരമൂല്യ സാരം എന്നിവയാൽ സമ്പന്നമായിരുന്നു ആദ്യകാല ചെറുകഥകൾ.

ചെറുകഥാ ശാഖയിലെ ആദ്യ പഥികരായ മൂർക്കോത്തുകുമാരൻ, അമ്പാടി നാരായണ പൊതുവാൾ, എം.ആർ.കെ.സി, ഒടുവിൽ കുഞ്ഞികൃഷ്ണ മേനോൻ എന്നിവരുടെ രചനാ രീതികളിലും ഈ സമാനത കാണാവുന്നതാണ്. പണത്തിനും ഭോഗാലസമായ ജീവി തത്തിനുമുള്ള ശ്രമം, അമിതമായ ആഭരണ താൽപര്യം, അതു നേടാനുള്ള പരിശ്രമത്തിനിടയിൽ പറ്റുന്ന അമളി ഇവയെല്ലാം എല്ലാ രുടെയും രചനകളിൽ സ്ഥാനം പിടിച്ചിട്ടുണ്ട്.

കേസരിനായനാരുടെ ദ്വാരക വേറിട്ടു നിൽക്കുന്ന ഒരു കഥയാണ്. ശാസ്ത്രവിജ്ഞാന മേഖലയിലേക്കുള്ള ഒരു അന്വേഷണവും ശാസ്ത്രം നൽകുന്ന പ്രതീക്ഷകളുമാണ് ഇതിലെ പ്രതിപാദ്യം. അതിനാൽ മലയാളത്തിലെ ആദ്യത്തെ ശാസ്ത്രകഥ എന്ന് ഇതിനെ വിശേഷിപ്പിക്കുന്നതിൽ തെറ്റില്ല.

കൃതഹസ്തനായ ഉപന്യാസകാരൻ എന്ന നിലയിലും നായനാർ പ്രശോഭിച്ചു. അന്നത്തെ കൂട്ടുകുടുംബ വ്യവസ്ഥയിൽ തറവാട്ടുകാരണവരുടെ സ്വേച്ഛാപരമായ സമീപനങ്ങളും ഉദ്യോഗസ്ഥന്മാരുടെ അഴിമതിയും കെടുകാര്യസ്ഥതയും എല്ലാം അദ്ദേഹം ഹാസ്യാത്മകമായി ചിത്രീകരിച്ചു. സ്വന്തം തറവാട്ടിലെ കാരണവരുടെ ദുഷ്കൃത്യങ്ങളാണ് അദ്ദേഹത്തിന്റെ എഴുത്തിന് ഉപലബ്ധിയായത്. നാട്ടെഴുത്തച്ഛൻ , മരിച്ചാലത്തെ സുഖം ശ്രദ്ധേയങ്ങളായ ഉപന്യാസങ്ങളാണ്.

മലയാള ഭാഷ വേണ്ടത്ര വികസിക്കാതെയും ഒരു ചെറുകഥയുടെ പൂർവ്വ മാതൃകകളില്ലാതിരിക്കുകയും ചെയ്ത കാലത്താണ് ഒരു പുതിയ വഴി വെട്ടിത്തുറന്നതെന്നതിനാൽ കൂടുതൽ പ്രധാന്യമർഹിക്കുന്നു. നിരൂപണ രംഗത്തും വിശകലന രീതികൊണ്ടും പദവിന്യാസത്താലും ഫലിതോക്തി കൊണ്ടും പ്രഥമഗണീനൻ തന്നെ. അദ്ദേഹത്തിന്റെ ഹാസ്യം കുറിക്കു കൊള്ളുന്നതായിരുന്നു.

കേസരിനായനാരുടെ രചനാ വൈഭവത്തെക്കുറിച്ച് മഹാകവി ഉള്ളൂർ ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്. 'വളരെ ലളിതവും കോമളവുമായിരുന്നു നായനാരുടെ ശൈലി. എന്നാൽ വാഗാസ്ത്രത്തിന്റെ ശക്തി അനുവാചകരുടെ ഹൃദയങ്ങളിൽ തുളച്ചു കയറി മറുപുറം പായുന്നതായിരുന്നു.എന്നാൽ വ്യക്തിപരമായി ആരെയും ആക്ഷേപിക്കാൻ ഒരിക്കലും അദ്ദേഹം തുനിഞ്ഞിട്ടുമില്ല.'

ജന്മിനാടുവാഴി തറവാട്ടിലാണ് പിറന്നു വളർന്നതെങ്കിലും നായനാർ തികഞ്ഞ ഉല്പതിഷ്ണുവായിരുന്നു. അദ്ദേഹത്തിന്റെ ആംഗലേയ ഭാഷാ പരിചയവും അന്യദേശവാസനയുമാണ് ലിബറൽ ചിന്താഗതിക്കാരനാക്കിയത്. മാത്രമല്ല പാശ്ചാത്യ സാഹിത്യ പരിചയമായിരിക്കും ചെറുകഥാ സാഹിത്യ നിർമ്മിതിക്കു പ്രേരകമായതും.

ജന്മിത്തറവാട്ടിലെ മുഖ്യനായി ഭരണം നടത്തിയപ്പോഴും ജന്മിത്വത്തെ അയുക്തികമായി ന്യായീകരിക്കുന്ന ഒരു നടപടിയും അദ്ദേഹത്തിൽ നിന്നുണ്ടായില്ല. മാത്രമല്ല സർഗ്ഗ ധനനായ ഒരു സാഹിത്യകാരെനെന്ന നിലയിൽ രൂപപ്പെട്ട ലോലമനസ്സ് ഒരു പരിധിയോളം കുടിയാൻ പക്ഷത്താണ് ഉറച്ചു നിന്നത്. സ്ത്രീ സ്വാതന്ത്ര്യത്തിൽ

മനസ്സൂന്നിയ നായനാർ, സ്വന്തം പെൺമക്കളെ കോളേജിലയച്ചു പഠിപ്പിച്ച് കോളിളക്കം സൃഷ്ടിക്കുകയും ചെയ്തു.

വിദ്യാ സമ്പന്നനായ ജന്മി എന്നതിനാൽ ഭരണ മേഖലകളിലും പ്രാതിനിധ്യം കിട്ടി. 1892 ൽ മലബാർ ഡിസ്ട്രിക്ട് ബോർഡിൽ അംഗമായി. 1907ൽ വീണ്ടും ആ സ്ഥാനത്തേക്കു തെരഞ്ഞെടുക്കപ്പെട്ടു. 1912 ൽ മദിരാശി നിയമസഭയിലേക്കു തെരഞ്ഞെടുക്കപ്പെട്ടു.മലബാർ - ദക്ഷിണ കർണ്ണാടക ജില്ലകളിലെ ജന്മി പ്രതിനിധിയായിട്ടാണ് നിയമസഭയിലെത്തിയത്.

സംഭവ ബഹുലമായ ആ ജീവിതത്തിന് തിരശ്ശീല വീണത് 53 -ാം വയസ്സിലാണ്. 1914 നവംബർ 14 ന് മദിരാശി നിയമസഭയിൽ പ്രസംഗിച്ചു കൊണ്ടിരിക്കുന്നതിനിടയിലായിരുന്നു മരണം. ആ പ്രസംഗവും ചരിത്ര പ്രസിദ്ധമായി. തെക്കൻ കർണ്ണാടകത്തിന്റെ ഭാഗമായ കാസർഗോഡ് താലൂക്ക് മലബാറിന്റെ ഭാഗമാക്കണമെന്നതായിരുന്നു പ്രസംഗ വിഷയം. വൈകാരികവും ഭാഷാപരവുമായി അതു മലയാളത്തിന്റെ ഭാഗമാണെന്ന് മുൻകൂട്ടിക്കാണാൻ അദ്ദേഹത്തിനു കഴിഞ്ഞു എന്നതാണ് അതിന്റെ പ്രത്യേകത.

വളരെ വൈകിയാണെങ്കിലും 150-ാം ജന്മ വാർഷിക കാലം അത്യുത്തര കേരളത്തിൽ കേസരിനായനാരുടെ സാഹിത്യ സംഭാവനകളെ ഓർത്തെടുത്തു കൊണ്ടും വിലയിരുത്തിക്കൊണ്ടുമാണ് കടന്നു പോകുന്നത്.

---



**പ്രസംഗം പഠിക്കാം മിടുക്കരാകാം**
- പ്രൊഫ.എസ്.ശിവദാസ്
കീർത്തി ബുക്സ്, കൊല്ലം 8. വില:90 രൂപ
പ്രഭാഷണകലയുടെ വിഭിന്നമേഖലകളിലൂടെ കടന്നു പോകുന്ന ലേഖനങ്ങൾ. നന്നായി പ്രസംഗിക്കുന്നവർക്കും പ്രസംഗിക്കാൻ ആഗ്രഹിക്കുന്നവർക്കും അനുഗ്രഹകരമാണീ കൃതി.



**ചൈത്രപർവ്വം**- വിവ. സരോജിനി ഉണ്ണിത്താൻ
ഉൺമ പബ്ലിക്കേഷൻസ്, നൂറനാട്. വില:80 രൂപ
രവീന്ദ്രനാഥ ടാഗോർ, പ്രേംചന്ദ്, ബിപിൻ ബിഹാരി മിശ്ര, ജയശങ്കർ പ്രസാദ്, സുഭദ്രാകുമാരി ചൗഹാൻ എന്നിവരുടെ പന്ത്രണ്ട് കഥകളുടെ ചാരുതയാർന്ന വിവർത്തനം.



# മുഖരൂപം



**അഞ്ചൽ ദേവരാജൻ**

**ഇ**കഴ്ത്തലുകളുടെ
ഈർച്ചവാൾ മുഖങ്ങളാണ്
ജീവിതവ്യഥകളുടെ
ചിറകനക്കമായത്...

നീരസങ്ങളുടെ
നിശിതശാപങ്ങളാണ്
നിലവിളികളുടെ
കുറുകലായത്...

വിയർക്കലുകളുടെ
ഊർദ്ധനിശ്വാസങ്ങളാണ്
പെയ്തിറക്കങ്ങളുടെ
വഴിമരുന്നായത്...

സ്ഥലകാലങ്ങളുടെ
അകമുറിവുകളാണ്
മൃതവിസ്മൃതികളുടെ
എരിഞ്ഞടങ്ങലായത്....

കൊട്ടിയടയ്ക്കലുകളുടെ
വാതിൽപ്പഴുതുകളാണ്
തേടിയലച്ചിലുകളുടെ
ഗ്രഹണസൂര്യനായത്...

ആത്മായനങ്ങളുടെ
ഏഴാമിടങ്ങളാണ്
വിളിച്ചുണർത്തലുകളുടെ
മുഖരൂപങ്ങളായത്.

---



**നാരായണഗുരു- അഭേദദർശനത്തിന്റെ ദീപ്ത സൗന്ദര്യം** - പ്രയാർ പ്രഭാകരൻ
ഫേബിയൻ ബുക്സ്, മാവേലിക്കര. വില: 80 രൂപ
കേരളീയ നവോത്ഥാനത്തിന്റെ ശുഭ്രനക്ഷത്രമായ ശ്രീനാരായണഗുരുവിനെക്കുറിച്ചുള്ള പഠനകൃതി. സ്വാമി മുനി നാരായണപ്രസാദിന്റെ അവതാരിക.

# അമ്മ മഹത്ത്വം

**സ്വാമി ത്രിരത്നതീർത്ഥർ**



‘**മാ**താപിതാ ഗുരു ദൈവം’ എന്ന ആപ്തവാക്യത്തിൽ അമ്മയ്ക്കു പ്രഥമസ്ഥാനമാണുള്ളത്. അപ്രകാരം പ്രത്യക്ഷ ദൈവമായ അമ്മയുടെ മഹത്ത്വത്തെ സംബന്ധിച്ച് ചിലതു പറയുവാൻ ആഗ്രഹിക്കുന്നു. വ്യക്തിമാഹാത്മ്യമുള്ള ഏതൊരുവനും വിഷയത്തെ മൂല്യനിർണ്ണയം ചെയ്തു ഗുണനിലവാരത്തെ ഉറപ്പു വരുത്തുവാൻ കഴിയും. അത്തരം മൂല്യനിർണ്ണയത്തിനൊന്നും അമ്മ മഹത്ത്വം വിധേയമാകാറില്ല. എന്തുകൊണ്ടെന്നാൽ അമ്മമഹത്ത്വം അമൂല്യമാണ്. അതിനാൽ അമ്മമഹത്ത്വത്തിന്റെ അപദാനങ്ങളെ സ്തുതിക്കാനേ കഴിയൂ. അതുകൊണ്ട് ഇവിടെ അമ്മമഹത്ത്വത്തിൽ ചിലതു സൂചിപ്പിക്കുന്നു. അതും ഉപരിപ്ലവമായതുമാത്രം.

സത്യത്തിന്റെ പ്രതീകമായ കുഞ്ഞിന്റെ ചുണ്ടിൽ വിരിയുന്ന ആദ്യമന്ത്രമാണ് അമ്മ. കുഞ്ഞിന്റെ ഏതുവിധമായ ഭയാശങ്കകൾക്കും സങ്കടങ്ങൾക്കും അറുതി ഉണ്ടാക്കുന്ന ഇടം കൂടിയാണ് അമ്മയുടെ മടിത്തട്ട്. അക്കാരണത്താൽ അമ്മയുടെ മടിത്തട്ടിനെ കുഞ്ഞിന്റെ സ്വർഗ്ഗമെന്നു വിശേഷിപ്പിച്ചുപോരുന്നു.

ചാപല്യവും നിഗൂഢതയും ഒന്നിച്ചു സഹവസിക്കുന്ന സ്ത്രീയെ വിശ്വസിക്കുവാൻ പാടില്ല എന്നാണ് അഭിജ്ഞമതം. ഒരു വ്യക്തിയുടെ ജീവിതത്തിൽ യൗവ്വനകാലം വളരെ പ്രധാനപ്പെട്ടതാണ്. അപ്രകാരമുള്ള സ്ത്രീയുടെ യൗവനമാണ് കുഞ്ഞുങ്ങൾക്കു ജന്മം നൽകുന്നതിനും പോറ്റി വളർത്തുന്നതിനുമായി മാറ്റിവയ്ക്കുന്നത്. അതുകൊണ്ടാവാം ദൈവം, അവിടുത്തെ മാഹാത്മ്യത്തെ മാതൃരൂപത്തിൽ സ്ത്രീയിലേക്ക് സന്നിവേശിപ്പിച്ചത്. അങ്ങനെ അവൾ മാതൃഭാവം പൂണ്ടു വർത്തിക്കുമ്പോൾ അവൾക്ക് തത്തുല്യം ഇവിടെ യാതൊന്നും തുലനം ചെയ്യുന്നില്ല. അമ്മയും പ്രകൃതീദേവിയും തമ്മിലുള്ള വ്യത്യാസമാണിത്. അമ്മയുടെ സ്വാർത്ഥതമൂലം സംരക്ഷണം സ്വന്തം മക്കളിലായി ഒതുങ്ങുമ്പോൾ പ്രകൃതിയുടെ സംരക്ഷണമാകട്ടെ, സർവ്വചരാചരങ്ങളിലുമായി വ്യാപിച്ചിരിക്കുന്നു. സ്ത്രീ അമ്മയാകുമ്പോൾ മാത്രമാണ് അവൾ ഭാഗ്യവതിയാകുന്നത്.

അമ്മമഹത്ത്വത്തിൽ അടുത്തതു ഭാഷയാകുന്നു. പിറന്നുവീഴുന്ന

കുഞ്ഞിനു യാതൊരു ഭാഷയും വശമുണ്ടായിരിക്കുകയില്ല. അവിടെ കുഞ്ഞിന്റെ കരച്ചിലിലും ചിരിക്കും അംഗചലനത്തിനും അമ്മ അർത്ഥം കല്പിക്കുന്നു. ആവശ്യങ്ങൾ നിറവേറ്റി കൊടുക്കുന്നു. അപ്രകാരം തിരിച്ചറിവിന്റെ ലോകത്തേക്കു ആദ്യമായി അമ്മയാണ് കുഞ്ഞിനെ കൈപിടിച്ചുയർത്തുന്നത്. ഇക്കാരണത്താൽ ലോകത്തു ഏതൊരു ഭാഷയ്ക്കും ഗുരു ഒന്നുമാത്രമേ ഉള്ളൂ. അതു അമ്മ മാത്രമാകുന്നു. അതുകൊണ്ടാണത്രെ അമ്മയുടെ ഭാഷ എന്ന അർത്ഥത്തിൽ മാതൃഭാഷ എന്ന പേർ സിദ്ധിച്ചത്.

പെറ്റമ്മയിൽ പോറ്റമ്മ ഉണ്ടാകാമെന്നല്ലാതെ, പോറ്റമ്മയിൽ ഒരിക്കലും പെറ്റമ്മ ഉണ്ടായിരിക്കുകയില്ല. അതുപോലെ ഗുരുവിൽ ആചാര്യൻ ഉണ്ടാകാമെന്നല്ലാതെ ആചാര്യനിൽ ഒരിക്കലും ഗുരു ഉണ്ടായിരിക്കുകയില്ല. ഇനി ഒരു വേള, ഗുരുവിന്റെ അഭാവത്തിൽ ആചാര്യൻ ഗുരുസ്ഥാനം അലങ്കരിക്കാറുണ്ട്. അത്തരം സന്ദർഭത്തിലും ആചാര്യൻ ഗുരുവാകുന്നില്ല. മറിച്ച് ഗുരുതുല്യനേ ആകുന്നുള്ളു. ആചാര്യൻ ഏതെങ്കിലുമൊരു വിഷയത്തിൽ ആധിപത്യം ഉറപ്പിച്ചു നിലകൊള്ളുമ്പോൾ ഗുരുവാകട്ടെ, സർവ്വവിഷയങ്ങൾക്കും മേൽ ആധിപത്യമരുളുന്നവനാണ്. അത്രമാത്രം മഹത്ത്വപൂർണ്ണമായ ഗുരുസ്ഥാനമാണ് ഭാഷയുടെ വിഷയത്തിൽ അമ്മയിൽ വർത്തിക്കുന്നത്. അതിനാൽ ഭാഷയുടെ ഗുരുസ്ഥാനം മാതൃമഹത്ത്വത്തിൽ രണ്ടാമതായി കണക്കാക്കിപ്പോരുന്നു.

ലോകത്ത് എവിടെ വസിച്ചാലും നമ്മുടെ ജന്മനാട് മറക്കുക സാധ്യമല്ല. അത്രമാത്രം ബന്ധമാണ് നമുക്ക് ജന്മനാടിനോടുള്ളത്. ബാല്യകാലത്തെ കുസൃതിക്കും വികൃതിക്കുമൊക്കെ സാക്ഷ്യം വഹിച്ചതും വളർച്ചയുടെ പടവുകൾ താണ്ടിയതുമൊക്കെ ഓർമ്മച്ചെപ്പിലൊതുക്കി സൂക്ഷിച്ചു വയ്ക്കുവാൻ അവസരമൊരുക്കിയ ജന്മനാടിനോടുള്ള വൈകാരികബന്ധം പറഞ്ഞറിയിക്കുക അസാധ്യം. ആവശ്യം നേരിടുന്ന പക്ഷം നമ്മുടെ നാടിനോടുള്ള വൈകാരികബന്ധത്താൽ മരണത്തെപ്പോലും തൃണവൽഗണിച്ചുകൊണ്ട് വീരമൃത്യു വരിക്കുന്നവരെക്കുറിച്ച് കേൾക്കാറില്ലേ? എന്തുകൊണ്ടെന്നാൽ നമുക്ക് ജന്മം നൽകി പോറ്റി വളർത്തുന്നതിന് അമ്മ തെരഞ്ഞെടുത്ത ഇടമാണ് ജന്മനാട്. അമ്മയോടുള്ള കടപ്പാട് കൊണ്ടു മാത്രമാണ് നമുക്ക് ഏറ്റവുമധികം പ്രിയമായ ശരീരംപോലും ജന്മനാടിനുവേണ്ടി ത്യജിക്കുവാൻ തയ്യാറാകുന്നത്. ഇവിടെ കൂറ് എന്നും ഭക്തി എന്നും പറയുന്നത് മാതൃസംബന്ധിയാണ്. കൂടാതെ ആത്മാർത്ഥത തുടങ്ങി എല്ലാ വിധത്തിലുമുള്ള നന്മയുടെ ഇരിപ്പിടവും മാതൃസംബന്ധിയാകുന്നു. മാതൃഭക്തിയോ, മാതൃഭാഷയോടുള്ള ബഹുമാനമോ ജന്മനാടിനോ

ടുള്ള കൂറോ ഇല്ലാത്ത ഒരുവന് ആത്മാർത്ഥതയെന്നത് അറിയുക പോലുമില്ല. അവനിൽ നന്മയുടെ ഒരു കണികപോലും പ്രകാശി ക്കുകയുമില്ല. ജന്മനാടിനെ മാതാവുമായി ബന്ധപ്പെടുത്തി മാതൃഭൂ മിയെന്ന പേർ ഉണ്ടായി. ഇതുതന്നെയാകുന്നു അമ്മ മഹത്ത്വത്തിൽ മൂന്നാമത്തേത്. മാതൃമഹത്ത്വത്തിൽ രത്നത്രയമാണ് മാതാവ്, മാതൃ ഭാഷ, മാതൃഭൂമി. ഇവ മൂന്നും ഒരുവിധം വിവരിച്ചു കഴിഞ്ഞു.

ഒരുവന്റെ വൈകാരികബന്ധം സത്ത്വരജസ്തമോ ഗുണങ്ങളിൽ ഏതെങ്കിലും ഒന്നിനോട് സ്വാഭാവികമായും ബന്ധപ്പെട്ടിരിക്കും. അതു മാതൃത്വവുമായി ബന്ധപ്പെടുമ്പോൾ ഇപ്രകാരമാണ് സംഭവിക്കുക. ഒരുവനിൽ തമോഗുണമാണ് അധികരിച്ചു നില്ക്കുന്നതെങ്കിൽ അവന്റെ വൈകാരിക ബന്ധം മാതൃഭൂമിയോടായിരിക്കും. അവിടെ രജോഗുണമാണ് മുന്നിട്ട് നില്ക്കുന്നതെങ്കിൽ അവന്റെ വൈകാരിക ബന്ധം മാതൃഭാഷയോടായിരിക്കും പ്രകടമാകുക. എന്നാൽ ഒരുവ നിൽ സത്ത്വഗുണം ശക്തമെങ്കിൽ അവൻ മാതൃഭക്തനായി ഭവി ക്കും. അവനുമാത്രമെ അമ്മയിൽ പ്രകൃതീദേവിയേയും പ്രകൃതി യിൽ അമ്മയേയും അന്യോന്യം ദർശിക്കുവാൻ കഴിയുകയുള്ളു. ഇക്കാരണത്താൽ അമ്മ ആരാണെന്ന് ചോദിച്ചാൽ, അതിനുത്തരം ഇങ്ങനെ പറയുവാൻ പഠിക്കണം- ഈ ലോകത്തുവച്ച് നമുക്ക് ശരീരം നല്കി പോറ്റി വളർത്തുവാൻ അവനവന്റെ പകത്വയ്ക്കു തക്കവിധം, സമഷ്ടിയായ പ്രകൃതിയിൽനിന്നും വ്യഷ്ടിരൂപം കൈക്കൊണ്ട് ഇറങ്ങി വന്നവളാണ് അമ്മ. ആ ജഗദീശ്വരിയാകട്ടെ മാതാവ്, മാതൃഭാഷ, മാതൃഭൂമി എന്നീ വ്യത്യസ്തഭാവതലങ്ങളിൽ ഇഹത്തിൽ കുടികൊള്ളുന്നു. അതിനാൽ ഒരുവന്റെ ജീവിതത്തിൽ മാതാവിനെ ത്യജിച്ചു കൊണ്ടുള്ള അവസ്ഥ ഉണ്ടായാൽ അവനോളം മഹാപാപി മറ്റാരുമില്ല. ഇതു ഒന്നുകൂടി വിശദീകരിച്ചാൽ, സ്വന്തം മാതൃഭൂമിയെ ഒറ്റിക്കൊടുക്കുന്നവനും ബഹുഭാഷാ പണ്ഡിതനുമാ യിരിക്കെ മാതൃഭാഷയെ വെറുക്കുന്നവനും, സ്ഥാനമാനങ്ങൾ വന്നു ചേരുമ്പോൾ മാതാപിതാക്കളെ സൗന്ദര്യത്തിന്റെയും സംസ്കാര ത്തിന്റെയും പേരിൽ അകറ്റി നിർത്തുന്നവരുമൊക്കെയാണ് ഇഹ ത്തിലെ മഹാപാപികൾ. എന്നാൽ മാതൃഭക്തനായി ജീവിതം നയി ക്കുന്ന ഒരുവനോളം സുകൃതി ഇവിടെ മറ്റാരും ഉണ്ടായിരിക്കുകയി ല്ല. അമ്മമഹത്വം ഇങ്ങനെയെല്ലാം ഒളിഞ്ഞും തെളിഞ്ഞും പ്രകാ ശിക്കുന്ന പ്രത്യക്ഷദൈവമായ അമ്മയെ വേണ്ടവണ്ണം നോക്കിക്കാ ണുവാനും പരിചരിക്കുവാനും കഴിയാത്ത ഒരുവന് എങ്ങനെയാണ് അദൃശ്യനായ ദൈവത്തെ അറിയുവാനും, അവനിൽ വിശ്വാസം അർപ്പിക്കുവാനും കഴിയുക.

# വിജയത്തിന് കുറുക്കുവഴികളില്ല

■ **ബി.എസ്.വാരിയർ**

*തുടർച്ച*



ഒരനുഭവം പറയാം. എന്റെ സുഹൃത്തിന്റെ മകളാണ്. മിടുക്കിയായ കുട്ടിയാണ്. പരീക്ഷയുടെ ദിവസം രാവിലെ ആറുമണിക്ക് എന്നെ വിളിച്ചു. പഠിച്ചതെല്ലാം ഞാൻ മറന്നുപോയി എന്നു പറഞ്ഞു. ഞാൻ ചോദിച്ചു. നീ പഠിച്ചതല്ലെ. പിന്നെങ്ങനെയാണ് എല്ലാം മറക്കുന്നത്. നിനക്കു മറക്കാൻ പറ്റില്ല. നിനക്ക് നല്ലോണം എഴുതാൻ സാധിക്കും. അവളെ ആശ്വസിപ്പിച്ചു. അവളുടെ അച്ഛൻ ഡോക്ടറാണ്. അദ്ദേഹത്തോടും കുറച്ചു ഇൻക്വഷൻ കൊടുക്കാൻ പറഞ്ഞു. അവൾ പരീക്ഷ എഴുതി ഉയർന്ന മാർക്കു വാങ്ങി. എം.ബി.ബി.എസ്. പാസായി, എം.ഡി.പാസായി. ഇപ്പോൾ തിരുവനന്തപുരത്തെ ഒരു ലീഡിംഗ് ഡോക്ടറാണ്. ആ കുട്ടിയെ സംബന്ധിച്ചിടത്തോളം ആത്മവിശ്വാസത്തിനു കുറവു സംഭവിച്ചു. പ്ലസ് ടു വരുമ്പോൾ പെൺകുട്ടികൾക്കാണ് പൊതുവെ കൂടുതൽ മാർക്കു കണ്ടുവരുന്നത്. എന്നാൽ എൻട്രൻസ് വരുമ്പോൾ ആൺകുട്ടികൾക്കാണ് കൂടുതൽ മാർക്ക്. ആൺകുട്ടികൾക്ക് കുറേക്കൂടി ധൈര്യം കൂടുതലാണെന്നതാണ് കാരണം. കൂടുതൽ ടെൻഷൻ വന്നാൽ മനസ്സ് ഡിസ് ഓർഗനൈസ്ഡ് ആകും. യുക്തി നഷ്ടപ്പെടും. ആത്മവിശ്വാസം ഏറ്റവും ഉയർന്ന സ്ഥാനത്തു നിൽക്കുകയാണ് വേണ്ടത്.

പരീക്ഷ ഹോളിൽ കയറുമ്പോൾ ഉണ്ടാകുന്ന ഭയത്തെ ഇല്ലാതാക്കാം. എങ്ങനെയാണെന്നോ. മുമ്പും ഞാൻ പരീക്ഷയെഴുതിയിട്ടുണ്ട്. പരീക്ഷയിൽ ഇരിക്കുമ്പോൾ എനിക്ക് എന്ത് അറിയാം എന്നതിനെക്കുറിച്ചായിരിക്കണം ചിന്ത. എനിക്ക് എന്തറിഞ്ഞുകൂടാ എന്നു ചിന്തിക്കരുത്. ഒരിക്കലും പരാജയത്തെക്കുറിച്ച് ചിന്തിക്കരുത്. പരീക്ഷയെ ഭയപ്പെടരുത്. അതൊരു **ബ്ലാക്** ബോക്സാണ്. ആർക്കുമറിയാത്ത ചോദ്യമൊന്നും ആരും ചോദിക്കുകയില്ല. നിങ്ങൾ ഒരു പരീക്ഷകനാണെന്നു വിചാരിക്കുക. എന്തു ചോദ്യമാണ് ചോദിക്കുക. പുസ്തകത്തിലെ, കുട്ടികൾക്ക് അറിയാവുന്നതല്ലെ ഇടുകയുള്ളു. പത്തിരുപതു വർഷമെങ്കിലും പഠിപ്പിച്ചിട്ടുള്ള ഒരാളാണ് ചോദ്യങ്ങൾ ഇടുന്നത്. വളരെ അനുകമ്പയോടെയാണ് ചോദ്യക്കടലാസ് ഉണ്ടാ

ക്കുന്നത്. ആ ചോദ്യത്തിന്റെ രീതി അറിയാൻ പാടില്ലാത്തതുകൊണ്ടാണ് ടെൻഷൻ വരുന്നത്. നിങ്ങൾ പഠിക്കേണ്ടതുപോലെ പഠിച്ചിട്ടുണ്ടെങ്കിൽ പഠിച്ചതു തന്നെ വരും.

പരീക്ഷക്കാലമാകുമ്പോൾ ആരോഗ്യം സൂക്ഷിക്കണം. രാവിലെ രണ്ടു മണിവരെയിരുന്നു പഠിച്ചാൽ പിറ്റേന്ന് പരീക്ഷ എഴുതാൻ ബുദ്ധിമുട്ടുണ്ടാവും. ആഹാരകാര്യത്തിൽ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കണം. കുളിയും വൃത്തിയും ഉറക്കവും എല്ലാം അവശ്യമാണ്. ഇതൊക്കെ പറയുമ്പോൾ പരീക്ഷയുമായി ബന്ധപ്പെട്ട് ഒരു ശകലം പിരിമുറുക്കം വേണം. പരീക്ഷയോ.. ഓ.. എന്നു പറഞ്ഞാൽ ഒക്കുമോ. അതൊരു പന്തുകളിയല്ലല്ലോ. പരീക്ഷ ജീവൻമരണ സമരമൊന്നുമല്ലായെങ്കിലും പ്ലസ് ടുവിലെ മാർക്ക് തീർച്ചയായിട്ടും പരമപ്രധാനമാണ്. പ്ലസ് ടുവിന് ഉയർന്ന മാർക്കു കിട്ടുന്നു എന്നതിനർത്ഥം പഠിക്കേണ്ടതെല്ലാം പഠിച്ചു എന്നും കൂടിയാണ്.

സദ്യയ്ക്ക് വിളമ്പുക എന്നു പറയുന്നപോലെ തന്നെയാണ് പഠിച്ചത് വേണ്ടതുപോലെ എഴുതി അവതരിപ്പിക്കുക എന്നത്. പരീക്ഷ പലതിന്റേതാണ്. അറിവിന്റെയും യുക്തിയുടെയും അങ്ങനെ പലതിന്റെയും. പരീക്ഷാദിവസങ്ങളിൽ ഗ്യാപ്പുണ്ടോ എന്നറിയണം. വെള്ളിയാഴ്ച പരീക്ഷ ഇല്ലെങ്കിൽ ശനിയാഴ്ചത്തെ പരീക്ഷക്ക് വെള്ളിയാഴ്ച സമയം കിട്ടും. തിങ്കളാഴ്ചത്തെ പരീക്ഷക്ക് ഞായറാഴ്ച സമയം കിട്ടും. ആഴ്ചയവസാനത്തിലെ പരീക്ഷ വരുമ്പോൾ ഇങ്ങനെയൊരു ചിന്തയും ഉണ്ടായിരിക്കണം.

പഠിക്കുന്ന കുട്ടികളെ സംബന്ധിച്ചിടത്തോളം ഒരു ചോദ്യമാണ് ക്രാമിങ്. എനിക്കൊരു വിദേശ യാത്രയുണ്ട്. സ്യൂട്ടും കോട്ടുമെല്ലാം വച്ചു. പെട്ടി അടയുന്നില്ല. എന്താണ് സംഭവിച്ചത്. ശരിയായിട്ടല്ല പെട്ടിയിൽ വച്ചിരിക്കുന്നത്. വച്ചതെല്ലാം കൊണ്ടുപോയേ പറ്റൂ. ഞാൻ എന്തു ചെയ്യും. അതെല്ലാം വേണ്ടതുപോലെ വയ്ക്കും. നാളെ പരീക്ഷയാണ്. വേണ്ടതുപോലെ പഠിക്കാൻ കഴിയില്ല. ഉഴപ്പൻമാർക്കോ, ഉഴപ്പികൾക്കോ വേണ്ടിവരാവുന്ന ഒരു സൂത്രമുണ്ട്. ക്രാമിങ് നല്ലൊരു പഠനമാർഗ്ഗമല്ല. അവിടെ നമുക്ക് മുൻ ചോദ്യപ്പേപ്പർ നോക്കി അതിൽ വന്നിരിക്കുന്നത് നല്ലോണം പഠിക്കുക. മനസ്സിലാക്കാതെ, ആലോചിക്കാതെ കാണാപ്പാഠം പഠിക്കുകയാണത്.

മുൻവർഷം പരീക്ഷ എഴുതിയവരുമായി പരീക്ഷാരീതിയെക്കുറിച്ചു സംസാരിക്കുന്നത് നല്ലതാണ്. എല്ലാം അറിഞ്ഞിട്ട് പരീക്ഷ എഴുതാൻ സാധിക്കുമോ? അങ്ങനെയാരെങ്കിലും ലോകത്തിലുണ്ടോ. പഠിപ്പിക്കുന്നവർക്ക് എല്ലാം അറിയാമോ. ഇല്ല. അവർ അവരെടുക്കുന്ന ക്ലാസിലെ വിഷയങ്ങളിൽ അറിയാമെന്നു മാത്രം. ഞാൻ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിൽ ഡിഗ്രിയെടുത്ത ആളാണ്. ഞാൻ

നാലു പുസ്തകം എഴുതിയിട്ടുണ്ട്. ഞാൻ പതിനഞ്ചു കൊല്ലം പഠിപ്പിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിലെ എന്റെ അറിവ് ലോകത്തിലെ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിന്റെ ഒരു ശതമാനമേ കാണുകയുള്ളു. എല്ലാം അറിഞ്ഞാലേ പരീക്ഷയെഴുതൂ എന്നു വിചാരിക്കുന്നത് തെറ്റാണ്. എസ്സേയെഴുതണം. കുറച്ചേ അറിയാവൂ. അതെഴുതുക. നിങ്ങൾക്കറിയുമോ, ടാഗോർ, അദ്ദേഹം ഏറ്റവും വലിയ ചിന്തകനായിരുന്നു. അദ്ദേഹം ഇന്ത്യയെപ്പറ്റി ഒരു സ്വപ്നം കണ്ടിരുന്നു.

Where tireless striving stretches its arms towards perfection
Where the clear stream of reason has not lost its way
Into the dreary desert sand of dead habit
Where the mind is led forward by thee
Into ever-widening thought and action
Into that heaven of freedom, my Father, let my country awake

എന്റെ രാജ്യം എങ്ങനെയായിരിക്കണം എന്നതിനെക്കുറിച്ച് അദ്ദേഹത്തിനൊരു സ്വപ്നമുണ്ടായിരുന്നു. അക്ഷീണമായ പരിശ്രമം എവിടെയാണോ പരിപൂർണ്ണതയിൽ പിടിക്കാൻ ശ്രമിക്കുന്നത്....

പെർഫക്ഷനിലേക്ക് പോകുന്നതേ ടാഗോർ കണ്ടിട്ടുള്ളു. പെർഫക്ഷൻ കണ്ടില്ല. പെർഫക്ടായി പോയാൽ ഈശ്വരനായിപ്പോകും. ഏതു മനുഷ്യനും കുറവുകളുണ്ട്. ഞാൻ ഈ പറഞ്ഞുവരുന്നത് ഒരു ചോദ്യത്തിനുള്ള ഉത്തരം പൂർണ്ണമായും അറിയാൻ കഴിയുന്നില്ലായെങ്കിൽ പരിഭ്രമിക്കണ്ട. എല്ലാം അറിയുന്നവർ ആരുമില്ല. നമുക്ക് അറിയാവുന്നത് നാം എഴുതുക. ചില കുട്ടികൾ പറയും അവസാനത്തെ രണ്ടുദിവസം പഠിച്ചാൽ എല്ലാം ഫ്രഷായിരിക്കും. അങ്ങനെ വിചാരിക്കുന്നുവെങ്കിൽ തെറ്റുപറ്റി. ചിട്ടയായി കുറേശ്ശെ പഠിക്കുക. പരീക്ഷാഹാളിൽ ചോദ്യത്തെപ്പറ്റി ആലോചിക്കണം. ഉത്തരത്തെപ്പറ്റി ആലോചിക്കണം. വേറെ ഒന്നും ആലോചിക്കരുത്. അതാണ് നാം ചെയ്യേണ്ടത്.

---



**ചേപ്പാട് സോമനാഥന്റെ രചനകൾ**
പരിധി പബ്ലിക്കേഷൻസ്, തിരുവനന്തപുരം.
വില:195 രൂപ
കവിയായി ജീവിക്കുകയും സാംസ്കാരിക പ്രശ്നങ്ങളിൽ ഇടപെടുകയും ചെയ്തപ്പോഴുണ്ടായ കവിതകളും നാടകങ്ങളും ലേഖനങ്ങളും അടങ്ങിയ കൃതി. ഡോ.എം.രാജീവ് കുമാറിന്റെ പഠനാർഹമായ അവതാരിക.

# കണ്ണൻചിരട്ടയെ കളയാൻ വരട്ടെ



■ മുരളീധരൻ തഴക്കര



ഗൃഹാതുരസ്മരണകൾ ബാല്യത്തെക്കുറിച്ചാകുമ്പോൾ നാം അപ്പോഴും പറയുക കണ്ണൻചിരട്ടയിൽ മണ്ണപ്പം ചുട്ടുകളിച്ചതിനെക്കുറിച്ചാകും. പേർത്തും പേർത്തും പറഞ്ഞ് തേയ്മാനം വന്നുപോയി ഓർമ്മയിലെ കണ്ണൻചിരട്ടയ്ക്ക്. അതൊരു പഴയകാലം, എന്നാൽ ചിരട്ട എന്ന കല്പവൃക്ഷത്തിന്റെ സംഭാവനയ്ക്ക് ഉപയോഗങ്ങൾ അനവധിയാണ്. നമ്മുടെ ജീവിതത്തിന്റെ ആരംഭം മുതൽ അന്ത്യഘട്ടംവരെ കൂടെയുണ്ട് ചിരട്ട.

അത്താഴം കഴിയ്ക്കാൻ അടുക്കളയിൽ കുരണ്ടിപ്പുറത്തിരുന്ന് മൺപാത്രം കഴുകി മുന്നിൽ വച്ച് കാത്തിരിയ്ക്കുമ്പോൾ ചിരട്ടത്തവികൊണ്ട് വിളമ്പിത്തരുന്ന കഞ്ഞി ഓർമ്മയില്ലേ? ഒടുവിൽ ആത്മവിദ്യാലയത്തിൽ എരിഞ്ഞടങ്ങുമ്പോഴും കൂട്ടിന് ചിരട്ടയുണ്ട്. നമ്മുടെ ഗ്രാമജീവിതത്തിന്റെ ഊടും പാവും ഇഴപിരിച്ച് നോക്കുമ്പോൾ കാണുന്ന നേർത്ത കറുപ്പ് ചിരട്ടക്കരിയുടേതാണ്. അത് കറുപ്പിക്കുന്നതിനുള്ള കരിയല്ല വെളുപ്പിച്ച് ശുദ്ധീകരിയ്ക്കുന്നതിനുള്ള കരിയാണ്. പണം അനാവശ്യമായി ധൂർത്തടിക്കുന്നവരോട് നമ്മുടെ കാരണവന്മാർ പറയാറുണ്ട്. 'ഇക്കണക്കിന് പോയാൽ കുഞ്ഞേ നീ അവസാനം ചിരട്ടയെടുക്കേണ്ടിവരും.' കൈയ്യിൽ കാശില്ലാതെ ഒരു ഗതിയും പരഗതിയുമില്ലാതെ കൈയ്യിൽ ചിരട്ടയുമായി മറ്റുള്ളവരുടെ മുമ്പിൽ പണത്തിനുവേണ്ടി കൈ നീട്ടേണ്ട സ്ഥിതിയുണ്ടാകുമെന്നാണ് ഈ പറഞ്ഞതിന്റെ സാരം. പണ്ട് ഭിക്ഷ വാങ്ങുവാനായി ആളുകൾ വീടുകൾ തോറും വരുമ്പോൾ കൈയ്യിൽ വലിയ ചിരട്ടയുമുണ്ടാകും. നാണയം ഈ ചിരട്ടയിലാണിട്ടുകൊടുക്കുന്നത്.

'എല്ലാവരും തേങ്ങായുടയ്ക്കുമ്പോൾ ഞാനൊരു ചിരട്ടയെങ്കിലും ഉടയ്ക്കേണ്ടെ?' നാട്ടുമ്പുറത്ത് പറഞ്ഞുപതിഞ്ഞ ഒരു പ്രയോഗമാണിത്. സാമ്പത്തികശേഷി വേണ്ടത്രയുള്ള അയൽക്കാരൻ ധനസ്ഥിതിക്കനുസരിച്ച് ഓരോരോ വലിയ പണച്ചെലവുള്ള കാര്യങ്ങളാകും ചെയ്യുക. ഇതുകണ്ട് അനുകരിയ്ക്കാതെ 'ഉള്ളതുകൊണ്ട് ഓണം പോലെ' എന്ന രീതിയിൽ കൊച്ചുകൊച്ചു കാര്യങ്ങളൊക്കെ തന്റെ

സാമ്പത്തിക പരിമിതിയ്ക്കുള്ളിൽ നിന്ന് ചെയ്യുന്നതിനെയാണ് ഈ ശൈലി അർത്ഥമാക്കുന്നത്.

കല്പവൃക്ഷത്തിന്റെ ഓരോ ഭാഗത്തിനും ഉപയോഗങ്ങളേറെയാണ്. യാതൊന്നും തന്നെ വെറുതെ നഷ്ടപ്പെടുത്തുവാനായി ഇല്ല- എല്ലാം നമുക്ക് നിത്യജീവിത്തിൽ അനിവാര്യമായവ. അതിൽ ചിരട്ടയ്ക്കും ചിരട്ടക്കരിയ്ക്കും ഉപയോഗങ്ങളനവധിയാണ്. കൊച്ചുകുട്ടികൾക്കുപോലും ചിരട്ടയെ വിട്ടുകളയുക സാധ്യമല്ല. നനഞ്ഞ മണ്ണ് കുഴച്ച് ചിരട്ടയിൽ നിറച്ച് മണ്ണപ്പം ചുട്ടുകളിച്ച ബാല്യം ആർക്കാണ് മറക്കാൻ കഴിയുക. പിന്നെയോ അരിയും കറിയും വെച്ചുള്ള കളി- കലത്തിനും ചട്ടിയ്ക്കും പകരം കല്ലുകൊണ്ട് അടുപ്പുകൂട്ടി ചിരട്ടയിലാണ് എല്ലാം പാകപ്പെടുത്തിയെടുക്കുന്നത്. ചുരുക്കത്തിൽ 'ചിരട്ട' ഒരു കളിക്കോപ്പുമായിരുന്നു.

എന്നാൽ കണ്ണൻചിരട്ടയിൽ പുട്ടുപുഴുങ്ങുമായിരുന്നു- ഇതു കുട്ടിക്കളിയാണെന്ന് കരുതേണ്ട. നല്ല രുചിയുള്ള പുട്ട് ചിരട്ടയിൽ പുഴങ്ങിയെടുക്കുമായിരുന്നു. സ്റ്റീലിന്റെയോ അലോയിയുടെയോ പുട്ടുകുറ്റിയിൽ പുട്ടുണ്ടാക്കുന്ന സ്ഥാനത്ത് കണ്ണൻചിരട്ടയിൽ തേങ്ങ ചിരകിയിട്ട് നല്ല പാകത്തിന് നനച്ചെടുത്ത അരിപ്പൊടി നിറച്ച് ആവിയിൽ പുട്ടുപുഴുങ്ങുന്ന സമ്പ്രദായം ഉണ്ടായിരുന്നു. ആരോഗ്യത്തിന് തെല്ലും ഹാനികരമല്ലാത്ത ഈ ചിരട്ടയുടെ സ്ഥാനത്ത് ഇപ്പോൾ നാം അലൂമിനിയത്തിന്റെ കുടവും പുട്ടുകുറ്റിയും ചില്ലുമാണ് ഉപയോഗിക്കുന്നത്.

ചിരട്ടക്കരിയ്ക്കും അനവധി ഉപയോഗങ്ങളുണ്ടായിരുന്നു. ഇന്നത്തെപ്പോലെ ഒരു സ്വിച്ചിട്ടാൽ ചൂടാകുന്ന ആട്ടോമാറ്റിക് ഇലക്ട്രിക്ക് തേപ്പുപെട്ടി സർവ്വസാധാരണമാകുന്നതിനു മുമ്പുള്ള കാലം. രണ്ടോ മൂന്നോ ചിരട്ട കത്തിച്ച് അതിന്റെ ചുട്ടുപഴുത്ത കനൽ തേപ്പുപെട്ടിയിൽ നിറച്ച് അതുകൊണ്ടായിരുന്നു വസ്ത്രങ്ങൾ ഇസ്തരിയിട്ടിരുന്നത്. ഇരുമ്പും, പിത്തളയും കൊണ്ടുള്ള പല വലിപ്പത്തിലുള്ള ഇസ്തിരിപ്പെട്ടികളുണ്ടായിരുന്നു.

സ്വർണ്ണപ്പണിക്കാർ പൊന്ന് ഉരുക്കാനും സ്ഫുടം ചെയ്യുവാനും നേരിപ്പോടിലിട്ട്, കത്തിക്കുന്നത് ചിരട്ടക്കരിയാണ്. വേനൽ വറുതിയിൽ കിണറിലെ വെള്ളം കോരിവറ്റിച്ചശേഷം വെള്ളം ശുദ്ധീകരിയ്ക്കുവാൻ കിണറ്റിലിടുന്നത് ചിരട്ടക്കരിയായിരുന്നു. ചിരട്ടക്കരിയിൽ അടങ്ങിയിട്ടുള്ള ആക്ടിവേറ്റഡ് കാർബൺ വേർതിരിച്ചെടുത്ത് ഇന്ന് പലവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു. ഇങ്ങനെയുള്ള അനന്ത സാധ്യതകൾ മനസ്സിലാക്കിയാകാം വിദേശരാജ്യങ്ങളിൽ സംസ്കരിച്ച ചിരട്ടക്കരിയ്ക്ക് വലിയ ഡിമാന്റാണ്. ആധുനിക

ശാസ്ത്രം ഈ പ്രാധാന്യങ്ങൾ കണ്ടെത്തുന്നതിന് എത്രയോ പതിറ്റാണ്ടുകൾക്ക് മുമ്പ് ചിരട്ടക്കരിയുടെ ഈ രാസിക ഗുണവിശേഷങ്ങൾ അനുഭവത്തിലൂടെ മനസ്സിലാക്കിയ നമ്മുടെ കാരണവന്മാർ അത് യഥാവിധി ഉപയോഗപ്പെടുത്തിയിരുന്നു.

മണ്ണിനും മനുഷ്യനും ഭാരമായി മാറുന്ന പ്ലാസ്റ്റിക്കിനു പകരക്കാരനായും ചിരട്ട ഉപയോഗപ്പെടുത്തുന്നുണ്ട്. ഐസ്ക്രീം കപ്പ്, വസ്ത്രങ്ങളിൽ തുന്നിപ്പിടിപ്പിക്കുന്നതിനുള്ള ബട്ടണുകൾ തുടങ്ങി അനവധി ആവശ്യങ്ങൾക്കായി ചിരട്ട ഉപയോഗിക്കുന്നുണ്ട്. ശ്രീലങ്കയിൽ നിന്നും ഇന്ത്യയിൽ നിന്നും ഇതിനായി നല്ല തോതിൽ ചിരട്ട കയറ്റി അയയ്ക്കുന്നുണ്ട്.

ചിരട്ടയും ചിരട്ടക്കരിയും ചിരട്ടത്തവിയും ഇളനീരും വെന്തവെളിച്ചെണ്ണയുമെല്ലാം വിദേശനാടുകളിൽ പ്രിയങ്കരമായി മാറുമ്പോൾ കല്പവൃക്ഷത്തിന്റെ തട്ടകത്തിൽ അത് പഴഞ്ചനായി കരുതുന്നു. ഒരുകാലത്ത് നമ്മുടെ അടുക്കളയിൽ അനുപേക്ഷണീയമായിരുന്ന ചിരട്ടത്തവി ഇന്നിതാ കരകൗശലമേളയിലെ കൗതുകക്കാഴ്ചയായിരിക്കുന്നു. നമ്മുടെ അടുക്കളകൾ വർക്ക് ഏരിയായും, കിച്ചൺ ക്യാബിനുമൊക്കെയായി ആധുനികവല്ക്കരിച്ചപ്പോൾ ചിരട്ടത്തവിയും മൺകലവും ഉപ്പുമരവിയും അടപലകയും തിരികയും ഉറിയും പരണും ഈർക്കിൽച്ചൂലും മറ്റും പടിയ്ക്ക് പുറത്തായി. ഇവയ്ക്കൊക്കെ പകരക്കാരായി പലതും പല നൂതന സംവിധാനങ്ങളും സാധനസാമഗ്രികളും സ്ഥാനം പിടിച്ചു. പക്ഷേ, ഉപ്പോളം വരുമോ ഉപ്പിലിട്ടത്.

അനുകരണത്തിന്റെയും പരിഷ്കാരത്തിന്റെയും ഉന്മാദത്താൽ മണ്ണിനും മനസ്സിനും ആരോഗ്യത്തിനും അത്യുത്തമമായ പലതും അപരിഷ്കൃതം എന്നുകരുതി നാം ഉപേക്ഷിച്ചുകളഞ്ഞു. നാം ഉപേക്ഷിച്ചു കളഞ്ഞ പലതിന്റെയും നന്മയും മൂല്യവും തിരിച്ചറിഞ്ഞ സായിപ്പ് നല്ല വിലകൊടുത്ത് അവയൊക്കെ വാങ്ങി ഉപയോഗിച്ചപ്പോഴാണ് നമുക്ക് തിരിച്ചറിവുണ്ടായത്.

നമ്മുടെ ഗ്രാമജീവിതം സ്വന്തം ആവശ്യങ്ങളെ എത്രകണ്ട് യുക്തിഭദ്രമായാണ് നിവർത്തിച്ചിരുന്നത് എന്നതിന്റെ ഉദാഹരണങ്ങളാണ് കല്പവൃക്ഷത്തിന്റെ കാരുണ്യമായ ഓരോ ഭാഗങ്ങളും ആവശ്യാധിഷ്ഠിതമായി നാം ഉപയോഗപ്പെടുത്തിയിരുന്നത്.

ഭക്ഷണം പാകം ചെയ്യുവാനും തലയിൽ തേച്ച് കുളിയ്ക്കുവാനും രോഗപ്രതിരോധത്തിനും ആയുർവ്വേദമരുന്ന് തയ്യാറാക്കാനും തേങ്ങയും വെളിച്ചെണ്ണയും, ദാഹമകറ്റുവാനും ക്ഷീണം മാറുവാനും പ്രകൃതിയുടെ ടോണിക്കായ ഇളനീർ അഥവാ കരിക്ക്, വീടുനിർമ്മാ

ണത്തിനും ഫർണിച്ചർ പണിയുവാനും ഈടും ഉറപ്പുമുള്ള തെങ്ങിൻതടി. വീടുമേയുവാൻ ഓല, അലങ്കാരത്തിനും മരുന്നിനും തെങ്ങിൻ പൂക്കുലയും കുരുത്തോലയും. തീയെരിക്കാൻ വിറകും ചൂട്ടും കൊതുമ്പും മടലും കോഞ്ഞാട്ടയും ചിരട്ടയും. പൂജകൾക്കും അനുഷ്ഠാനകർമ്മങ്ങൾക്കും ഉണക്കത്തേങ്ങ. സുവർണ്ണനാരായ കയറുണ്ടാക്കുവാൻ തൊണ്ടും ചകിരിയും. കൂമ്പുചെത്തിയെടുത്താൽ ആരോഗ്യദായകമായ പാനീയം 'നീര'- അതു പുളിപ്പിച്ച് വീര്യമുള്ളതാക്കിയാൽ മദ്യം.

ഇങ്ങനെ ദേവലോകത്ത് നന്ദനോദ്യാനത്തിൽ ആഗ്രഹിയ്ക്കുന്നതെന്തും തരുന്ന ദേവവൃക്ഷത്തിന്റെ ഭൂമിയിലെ പ്രതിരൂപം ഈ കല്പവൃക്ഷമല്ലാതെ മറ്റെന്താണ്?

'കണ്ണൻചിരട്ടയിലെ വെള്ളം ഉറുമ്പിന് സമുദ്രം' എന്ന് കേട്ടിട്ടില്ലേ? ഒരു മഹാതത്വം കൊച്ചുചിരട്ടയിൽ ഒതുക്കിയിരിക്കുന്നു. കാലപ്രവാഹത്തിൽ ചിരട്ടയും മായുന്നു. നമ്മുടെ ജീവിതത്തിൽനിന്ന് എന്തൊക്കെ മാഞ്ഞുപോയി- അതിലൊന്നായി ചിരട്ടയും. വീണ്ടെടുക്കാനാവില്ല ഇതൊന്നും. ജീവിതവേഗത്തിൽ നാം അന്വേഷിക്കുന്നവരുടെ പട്ടികയിൽ ഇതൊന്നുമില്ല. പക്ഷേ, ഇങ്ങനെ ചില ഓർമ്മകൾ നമ്മുടെ വേഗതയേറിയ യാത്രയ്ക്ക് ചില വ്യതിയാനങ്ങൾ വേണമെന്ന് ആവശ്യപ്പെടുന്നു. നമുക്കിന്ന് മനസ്സാ തയ്യാറെടുക്കാം അല്ലെങ്കിൽ നാമതിന് നിർബന്ധിതരാകും തീർച്ച. 'തെങ്ങ് ചതിയ്ക്കില്ലെന്നത്' മലയാളിയുടെ പരമ്പരാഗത വിശ്വാസമാണ്- പക്ഷെ, നമുക്കു വേണ്ടതെല്ലാം തരുന്ന കാരുണ്യവർഷം ചൊരിയുന്ന അമൃതകുംഭം പേറുന്ന ഈ കല്പവൃക്ഷത്തെ നാം കരുതലോടെ കാണുന്നുണ്ടോ?

എല്ലാ വർഷവും സെപ്റ്റംബർ 2 ലോകനാളീകേര ദിനമായി നാം ആചരിക്കുന്നു. ആഘോഷിക്കുന്നു. ഈ ആചരണവും ആഘോഷവും അർത്ഥപൂർണ്ണമാകണമെങ്കിൽ വീട്ടുവളപ്പിലെ തെങ്ങിനോട് നമുക്ക് കുറച്ചുകൂടി കാരുണ്യം കാണിയ്ക്കാം- കരുതലും സ്നേഹ പരിചരണങ്ങളും നൽകാം.



**എന്റെ ജ്ഞാനമുകുളങ്ങൾ**- എം.കെ.ഹരികുമാർ
ഗ്രീൻ ബുക്സ്, തൃശൂർ- 3. വില: 75 രൂപ
എം.കെ.ഹരികുമാറിന്റെ നവാദ്വൈതചിന്തയുടെ ഭാഗമായി ഉരുവം കൊണ്ട ജ്ഞാനങ്ങളാണ് ഇതിലുള്ളത്. കല്ലേലി രാഘവൻപിള്ള, സ്വാമി സുധി, വി.കെ. ഷറഫുദ്ദീൻ എന്നിവരുടെ കുറിപ്പുകൾ. സുനിൽ സി. ഇയുടെ സ്കെച്ചുകൾ.




# ജനഗണമന....

**ആൻസി അനു മാത്യു**

**ജ**നഗണമന ഭാരതത്തിന്റെ ദേശിയഗാനമാണ്. സാഹിത്യത്തിനുള്ള നോബേൽ സമ്മാനം നേടിയ രവീന്ദ്രനാഥടാഗോറിന്റെ അഞ്ചു ചരണങ്ങളുള്ള കവിതയുടെ ആദ്യഭാഗമാണിത്.

1919ൽ ഭാരതം സന്ദർശിച്ച കിംഗ് ജോർജ് അഞ്ചാമനെ സ്തുതിച്ചുകൊണ്ടാണ് ഇതെഴുതിയത്. ഇതിനു പ്രേരണ നൽകിയത് മോട്ടിലാൽ നെഹ്റുവായിരുന്നു. 1912 ജനുവരിയിൽ തത്ത്വബോധി എന്ന പത്രികയിൽ ഭാഗ്യവിധാത എന്ന ശീർഷകത്തിൽ ഇത് പ്രസിദ്ധീകരിച്ചു. തത്ത്വബോധിനിയുടെ പത്രാധിപരും ടാഗോർ തന്നെയായിരുന്നു.

**1911 ഡിസംബർ 27ന്** ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിന്റെ കൽക്കട്ടാ സമ്മേളനത്തിലായിരുന്നു രവീന്ദ്രനാഥ ടാഗോർ ജനഗണമന ആദ്യമായി ആലപിച്ചത്. ബംഗാളിൽ രചിച്ച ഈ ഗാനത്തിന് 'ഭാഗ്യവിധാതാ' എന്നാണ് ആദ്യം നൽകിയിരുന്ന പേര്. ശങ്കരാഭരണം രാഗത്തിൽ രാംസിങ് ഠാക്കൂർ സംഗീതം നൽകി ബംഗാളിഭാഷയിലെഴുതപ്പെട്ട ജനഗണമന ഇംഗ്ലീഷ് ഭാഷയിലേക്ക് തർജ്ജമ ചെയ്തത് രവീന്ദ്രനാഥ ടാഗോറും മാർഗരറ്റ് കസിൻസും കൂടിയാണ്. 1919ൽ ടാഗോറിന് തന്റെ സുഹൃത്തും വിഖ്യാത ഐറീഷ് കവിയുമായ ജെയിംസ് എച് കസിൻസിൽ നിന്ന് അദ്ദേഹം പ്രിൻസിപ്പൽ ആയിരുന്ന ആന്ധ്രയിലെ മാടനാപല്ലേ എന്ന സ്ഥലത്തുള്ള ബസന്റ്

തിയോസഫിക്കൽ കോളജിൽ കുറച്ചുദിവസം ചെലവഴിക്കുന്നതിനുള്ള ക്ഷണം ലഭിച്ചു. 1919 ഫെബ്രുവരി 28ന് ടാഗോർ കോളജിൽ എത്തുകയും സുഹൃത്തിന്റെ അഭ്യർത്ഥന മാനിച്ച് ബംഗാളി ഭാഷയിലുള്ള ജനഗണമന ആലപിക്കുകയും ചെയ്തു. കോളജ് ഭാരവാഹികൾ ഈ ഗാനം തങ്ങളുടെ ദേശിയഗാനമായി തെരഞ്ഞെടുത്തു. അതിന്റെ ഇംഗ്ലീഷ് പരിഭാഷ അവിടെവച്ചാണ് നിർവ്വഹിക്കുന്നത്. ജയിംസ് എച് കസിൻസിന്റെ പത്നി പരിഭാഷയിൽ സഹായിക്കുകയും ചെയ്തു. അത് മോണിംഗ് സോങ് ഓഫ് ഇന്ത്യ എന്ന പേരിൽ അറിയപ്പെട്ടു. ഈ പരിഭാഷ ആദ്യമായി മദ്രാസ് മഡനപ്പള്ളി കോളജ് മാഗസിനിൽ പ്രസിദ്ധീകരിച്ചു.

മഹാത്മജി ഈ ഗാനത്തെ ദൈവികപുകഴ്ത്തലായിട്ടാണ് പരിഗണിച്ചതെങ്കിൽ സുഭാഷ് ചന്ദ്രബോസിന്റെ ആസാദ് ഹിന്ദ് ഗവൺമെന്റ് ഈ ഗാനം ഹിന്ദുസ്ഥാനി സംഗീതത്തിൽ അവതരിപ്പിക്കുകയും അതിനെ തങ്ങളുടെ ദേശീയഗാനമായി അംഗീകരിക്കുകയും ചെയ്തു.

ദേശിയപ്രസ്ഥാനത്തിന്റെ മുഖ്യവാഹകരായ ഇന്ത്യൻ നാഷനൽ കോൺഗ്രസ് ഈ ഗാനം ദേശീയഗാനമായി അംഗീകരിച്ചു. 1950 ജനുവരി 24ന് കോൺസ്റ്റിറ്റ്യൂഷനൽ അസംബ്ലി ഇതിനെ അംഗീകരിച്ചു. പ്രസിഡന്റ് ഡോ.രാജേന്ദ്രപ്രസാദ് ജനഗണമനയെ ഇന്ത്യയുടെ എല്ലാ ഔദ്യോഗിക പരിപാടികളിലും പാടുന്ന ദേശീയ ഗാനമായി പ്രഖ്യാപിക്കുകയും ചെയ്തു. ഈ ദിവസമാണ് വന്ദേമാതരത്തെയും അംഗീകരിക്കുകയും തുല്യസ്ഥാനം നൽകുകയും ചെയ്തത്.

അമ്പത്തിരണ്ടു സെക്കന്റാണ് ഇതാലപിക്കുവാൻ എടുക്കുന്ന സമയം. ആലാപനവേളയിൽ അതിനു സാക്ഷ്യം വഹിക്കുന്നവർ ദേശത്തോടുള്ള ആദരസൂചകമായി എഴുന്നേറ്റ് നിൽക്കണമെന്നും വ്യവസ്ഥയുണ്ട്.

സ്വാതന്ത്ര്യദിനം, റിപ്പബ്ളിക് ദിനം എന്നിവ ആഘോഷിക്കുമ്പോഴും മറ്റ് ഔദ്യോഗിക ചടങ്ങുകളുടെ ആരംഭത്തിലും ചില നിശ്ചിത ചടങ്ങുകളുടെ അന്ത്യത്തിലും ദേശീയഗാനം ആലപിക്കണമെന്നു ചട്ടമുണ്ട്

---



**മൂന്ന് മോതിരങ്ങൾ-** വി.പി.ജയചന്ദ്രൻ
ശ്രീസാഗർ, കൊല്ലം-21. വില: 50 രൂപ
നല്ലതിനെ പിൻതുടരുവാൻ പ്രേരിപ്പിക്കുന്ന ഇരുപത്തിയഞ്ച് കഥകളുടെ സമാഹാരം. വിഷമതകളുടെ സന്ദർഭങ്ങളിൽ ചിന്തയെ നല്ലവഴിക്ക് നയിക്കുവാൻ ഇതിലെ ഓരോ ഗുണപാഠകഥകളും കരുത്തുനൽകുന്നു.

# സിനിമ ജീവിതത്തിനു നേരെ പിടിച്ച കണ്ണാടി





**മധു ഇറവങ്കര**

**പ**ത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിൽ പിറവിയെടുത്തുവെങ്കിലും ഇരുപതാം നൂറ്റാണ്ടിന്റെ കലയായാണ് സിനിമ വിശേഷിപ്പിക്കപ്പെടുന്നത്. മറ്റുള്ള കലാരൂപങ്ങളിൽ നിന്നു തുലോം വ്യത്യസ്തമായി അത് സാങ്കേതികതയുടെ കലയാണ്. സിനിമയുടെ ആദ്യദശകങ്ങളിൽ അതിനെ കലയുടെ പരിധിയ്ക്കുള്ളിൽ ഉൾപ്പെടുത്തുവാൻ കലാചിന്തകർ തയ്യാറായില്ല. അതിന്റെ സാങ്കേതികപ്രസരമാണ് കാരണമായി അവർ ചൂണ്ടിക്കാട്ടിയത്. എന്നാൽ മിക്ക കലാരൂപങ്ങളും അവയുടെ നിർമ്മാണം പുനരുല്പാദനഘട്ടങ്ങളിലെപ്പോഴെങ്കിലും സാങ്കേതികതയെ ആശ്രയിക്കുന്നു എന്നിരിക്കെ, സാങ്കേതികതയുടെ കാരണങ്ങളാൽ സിനിമയെ ഒഴിവാക്കുന്നത് ഉചിതമാകുകയില്ല എന്ന അഭിപ്രായത്തിനു പ്രാമുഖ്യം ലഭിക്കുകയായിരുന്നു.

അനന്തമായ സാധ്യതകളുള്ള ഒരു ദൃശ്യ-ശ്രാവ്യമാധ്യമമാണ് സിനിമ. ദൃശ്യഖണ്ഡങ്ങളും ശബ്ദവീചികളും കൂടിച്ചേർന്ന് ആശയവിനിമയം പതിന്മടങ്ങു സാധ്യമാക്കുന്നു. അതുകൊണ്ടുതന്നെ വെറും 115 വർഷത്തിന്റെ ചരിത്രം അവകാശപ്പെടാവുന്ന സിനിമ നമ്മുടെ ജീവിതത്തിന്റെ സമസ്ത മേഖലകളെയും കീഴടക്കി മുന്നേറി കഴിഞ്ഞു. സിനിമയുടെ ചരിത്രം തേടുന്ന ഒരാൾ കണ്ടെത്തുന്നത് കഴിഞ്ഞ 115 വർഷങ്ങളിലെ ലോകത്തിന്റെ ഭൗതികവും, സാംസ്കാരികവും രാഷ്ട്രീയവും സാമ്പത്തികവുമായ മാറ്റങ്ങൾ ആണ്. സിനിമ യഥാർത്ഥത്തിൽ നമ്മുടെ ജീവിതം തന്നെയാണെന്ന നിഗമനത്തിൽ നാമെത്തിച്ചേരുന്നു. നമ്മെ തന്നെ തിരിച്ചറിയാൻ സാധിക്കുന്ന കണ്ണാടി. ഇന്നലെകളിൽ നാം ജീവിച്ച ഓരോ നിമിഷങ്ങളും കാലം കാത്തുവയ്ക്കുന്നത് നമ്മുടെ കലാരൂപങ്ങളിൽ കൂടിയാണ്. സിനിമ ആ പട്ടികയിൽ പ്രഥമ ഗണനീയവും.

മൂലധനം അടിസ്ഥാന മാനദണ്ഡമായുള്ള ഒരു കമ്പോള ഉല്പന്നം കൂടിയാണ് സിനിമ. അതിന്റെ പരിണാമകാലത്തുതന്നെ ഈ ദിശയിലേക്കുള്ള അതിന്റെ ചുവടുമാറ്റം ശ്രദ്ധേയമാണ്. അമേരിക്കയിൽ സ്വകാര്യകാഴ്ചയുടെ അനുഭവങ്ങൾക്കായി തോമസ് ആൽവാ എഡി



സൺ 'കൈനറ്റോഗ്രാഫ്' എന്ന ഉപകരണം വികസിപ്പിച്ചെടുത്തപ്പോൾ ഒരുകൂട്ടം ആളുകൾക്ക് ഒരേസമയം വിനോദം പകരാവുന്ന 'സിനിമട്ടോഗ്രാഫ്' എന്ന സാങ്കേതികവിദ്യയുമായി പാരീസിലെ ലൂമിയർ സഹോദരന്മാർ രംഗത്തുവന്നു. ഇതു പ്രദർശനശാലകളുടെ ഉദയത്തിനും ലാഭം കൊയ്യാവുന്ന ഒരു പുതിയ കച്ചവടച്ചരക്കായി സിനിമയെ കരുപ്പിടിപ്പിക്കുന്നതിനും വഴിതെളിയിക്കുകയായിരുന്നു. നാളിതുവരെയുള്ള സിനിമയുടെ ചരിത്രവും സൗന്ദര്യശാസ്ത്രവും സാമ്പത്തിക ശക്തിയെ അടിസ്ഥാനമാക്കിയാണ് വിപുലീകരിക്കപ്പെട്ടിട്ടുള്ളത് എന്ന യാഥാർത്ഥ്യത്തെ തിരിച്ചറിയേണ്ടതുണ്ട്.

സിനിമയുടെ സൗന്ദര്യശാസ്ത്രത്തിന്റെ അടിസ്ഥാനം രണ്ടു കലാപന്ഥാവുകൾ- യഥാതഥവാദവും, അഭിവ്യഞ്ജനവാദവും- തമ്മിലുള്ള സംഘട്ടനമാണ്. സത്യത്തെ അതേപടി ആവിഷ്കരിക്കുവാനും അതിനെ വ്യാഖ്യാനിച്ച് പുതിയൊരു ആന്തരികസത്യം കണ്ടെത്തുവാനും സിനിമയ്ക്കു കഴിയും. അതിനാൽ സാങ്കേതികതയിലും, കലാചിന്തയിലും അടിയുറച്ച ഒരു സൗന്ദര്യശാസ്ത്രമാണ് സിനിമയ്ക്കായി വികസിപ്പിച്ചെടുത്തത്. അങ്ങനെ സാങ്കേതിക പുരോഗതിയുടെ ചരിത്രവും അതിന്റെ സൗന്ദര്യശാസ്ത്രസിദ്ധാന്തങ്ങളും പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നു എന്നു കാണാം.

ആത്യന്തികമായി ജീവിതത്തിന്റെ സത്യസന്ധമായ ആവിഷ്കാരമാണ് കല. രസാനുഭൂതികലയിൽ പ്രധാനവും. സത്യത്തിന്റെ പൊരുൾ തേടുകയാണ് കലയുടെ ധർമ്മമെന്ന് ഭരതമുനി നാട്യശാസ്ത്രത്തിൽ നിർദ്ദേശിക്കുമ്പോഴും കലയുടെ ജീവിതബന്ധമാണ് ഉദ്ഘോഷിക്കപ്പെടുന്നത്. ആധുനിക ജീവിതത്തിന്റെ എല്ലാ സങ്കീർണ്ണതകളും ഉൾക്കൊള്ളുവാനും പുതിയ മാനവികതയുടെ വെളിച്ചമാകുവാനും സിനിമയ്ക്കുള്ള കഴിവ് മറ്റൊരു കലാരൂപത്തിനുമില്ലതന്നെ. കേവലവിനോദത്തിൽനിന്ന് കലയെ വേർതിരിച്ചു നിർത്തുന്ന എല്ലാ മാനദണ്ഡങ്ങളും സിനിമയും പുലർത്തുന്നു എന്ന് അതിന്റെ ഹ്രസ്വമെങ്കിലും സമ്പന്നമായ ചരിത്രം തെളിയിക്കുന്നു.

സിനിമാ ചരിത്രത്തിന്റെ ദശാസന്ധികളിൽ ഉയർന്നുവന്ന വിവിധ പ്രസ്ഥാനങ്ങൾ, അതിന്റെ സൗന്ദര്യശാസ്ത്രദർശനങ്ങൾ ആക്കം കൂട്ടി. അവ പരസ്പരപൂരകങ്ങളായി പ്രവർത്തിച്ചു. റിയലിസവും, എക്സ്പ്രഷനിസവും നിയോറിയലിസവും ന്യൂവേവുമൊക്കെ കാല

# പൈലറ്റാകും ഞാൻ

സിപ്പി പള്ളിപ്പുറം



ആനക്കുട്ടീ വലുതാകുമ്പോൾ
ആരാകും നീ കേൾക്കട്ടെ?

കാട്ടുമൃഗങ്ങളുടെ രോഗം മാറ്റും
ഡോക്ടർസാറായ് വിലസും ഞാൻ!

സിംഹക്കുട്ടീ വലുതാകുമ്പോൾ
ആരാകും നീ കേൾക്കട്ടെ?

കാട്ടിന്നുള്ളിൽ ക്ലാസുനടത്തും
സിംഹൻസാറായ് മാറും ഞാൻ!

കരടിക്കുട്ടീ വലുതാകുമ്പോൾ
ആരാകും നീ കേൾക്കട്ടെ?

കള്ളന്മാരെ വിറപ്പിച്ചീടും
പോലീസേമാനാകും ഞാൻ!

കഴുതക്കുട്ടീ വലുതാകുമ്പോൾ
ആരാകും നീ കേൾക്കട്ടെ?

അടിപൊളി ഗാനം പാടിരസിക്കും
സിനിമാഗായകനാകും ഞാൻ!

മർക്കടനുണ്ണീ വലുതാകുമ്പോൾ
ആരാകും നീ കേൾക്കട്ടെ?

കാട്ടിന്നുള്ളിൽ 'പ്ലെയിനോ'ടിക്കും
ഉഗ്രൻ 'പൈലറ്റാ'കും ഞാൻ.

---

ത്തിൽ കൊത്തിയെടുത്ത സിനിമാശില്പത്തിന്റെ ലാവണ്യചിന്തകൾക്ക് വൈവിധ്യമാർന്ന പരികല്പനകളേകി. കാലഘട്ടത്തിനും, മാറുന്ന സാങ്കേതികയ്ക്കും അനുയോജ്യമായ സൗന്ദര്യശാസ്ത്രം വികസിപ്പിച്ചെടുക്കാൻ സിനിമയ്ക്ക് ഇപ്പോഴും കഴിയുന്നു എന്നത് അതിന്റെ സജീവതയുടെയും ചലനാത്മകതയുടെയും ദൃഷ്ടാന്തം കൂടിയാണ്.

*ആചാര്യനരേന്ദ്രഭൂഷണിന്റെ എഴുപത്തിയഞ്ചാം ജന്മജയന്തിയോടനുബന്ധിച്ചു നടത്തിയ പ്രഭാഷണപരമ്പരയിൽ സിനിമ ചരിത്രവും സൗന്ദര്യശാസ്ത്രവും എന്ന വിഷയത്തിൽ നടത്തിയ പ്രഭാഷണത്തിന്റെ സംക്ഷിപ്തരൂപം.*



# ശാസ്ത്രരംഗത്തെ ഒരു വെല്ലുവിളി

*തുടർച്ച*

■ പ്രൊഫ.എസ്.ശിവദാസ്

**അ**റിവ് ആനന്ദദായകമാകണം. അറിവിൽ ആനന്ദിക്കുമ്പോൾ അറിവ് ചിന്തയുടെ, വികാരത്തിന്റെ, സ്വപ്നത്തിന്റെ, ജീവിതത്തിന്റെ ഭാഗമാകും. അറിവ് ആസ്വദിച്ച് ഉൾക്കൊള്ളുമ്പോൾ അത് ആത്മീയാനുഭൂതിയാകും. അങ്ങനെ അറിവിൽ ലയിക്കുമ്പോൾ, അത് നൽകുന്ന ആവേശത്തിലും പ്രചോദനത്തിലും പുതിയ ചിന്തകൾ ജനിക്കുമ്പോൾ, പുതിയ സ്വപ്നങ്ങൾ ഉണ്ടാകുമ്പോൾ, പുതിയ വഴികൾ തേടുമ്പോൾ, പുതിയ അറിവു സൃഷ്ടിക്കാനും കഴിയുന്നു. അപ്പോൾ മാത്രമാണ് വിദ്യാർത്ഥി വിദ്യയുടെ സൃഷ്ടി നടത്തുന്ന ആളാകുന്നത്. അറിവിന്റെ ഉല്പാദകനാകുന്നത്. അദ്ധ്യാപകൻ പ്രചോദകനാകുന്നത്. ശാസ്ത്രജ്ഞൻ ശാസ്ത്രലോകത്തിന്റെ സാരഥിയായ മഹാശാസ്ത്രജ്ഞനുമാകുന്നത്. ശാസ്ത്രത്തിന്റെ കാര്യത്തിലും അപ്പോൾ ഇതാകണം അവസ്ഥ. ദൗർഭാഗ്യവശാൽ ഇന്ന് ഇതല്ല ലോകമെങ്ങുമുള്ള അവസ്ഥ. വിദ്യാഭ്യാസത്തെ വെറും തൊഴിൽ ലഭ്യതയ്ക്കുള്ള സർക്കസായിട്ടാണ് വിദ്യാർത്ഥികൾ പരിഗണിക്കുന്നത്. ശാസ്ത്രസാങ്കേതിക വിദ്യാഭ്യാസരംഗത്താണ് ഈ യാന്ത്രികമായ, 'ഉണക്ക' സമീപനം കൂടുതലായിട്ടുള്ളത്. എം.ബി.ബി.എസ്സോ എം.ടെക്കോ എം.എസ്സിയോ പി.എച്ച്.ഡി പോലുമോ നേടുമ്പോഴും ഇതാണു മനോഭാവം. പഠിക്കുന്ന വിഷയം രസിക്കുന്നില്ല. മനസ്സ് ചേമ്പില പോലെ നിലനിർത്തും. അതിൽ വീഴുന്ന വിജ്ഞാനകണങ്ങൾ ഇലയിലൊട്ടാതെ അലഞ്ഞുനടക്കും. പരീക്ഷ കഴിയുമ്പോൾ, ഇന്റർവ്യൂ കഴിയുമ്പോൾ, ജോലിയിൽ കയറുമ്പോൾ,

അതുവരെ പഠിച്ചതൊക്കെ കുടഞ്ഞുകളയും!

ഒരു വിഷയത്തിൽ പി.എച്.ഡി എടുത്തശേഷം അഞ്ചാറു വർഷങ്ങളായി അതേ വിഷയത്തിൽ ഗവേഷണം ചെയ്തുകൊണ്ടിരിക്കുന്ന ഒരു കുട്ടിയോട് ഒരു ഇന്റർവ്യു സമയത്ത് ഈ ലേഖകൻ ചോദിച്ചു: എന്താണ് നിങ്ങൾ കൈകാര്യം ചെയ്യുന്ന ഈ വിഷയം? അതേപ്പറ്റി എന്തെങ്കിലുമൊന്നു പറയൂ. എന്തായാലും മതി. ഞങ്ങൾക്ക് ആ വിഷയത്തെപ്പറ്റി കേട്ട് ഒന്ന് ആവേശം കൊള്ളാനാണ്.

ആ ചോദ്യം കേട്ടതും ഉദ്യോഗാർത്ഥി പെട്ടെന്ന് ഉത്തരം പറഞ്ഞു. 'സർ, ഈ വിഷയത്തിൽ ഒരു രസവുമില്ല. സാർ അങ്ങ് ഈ ജോലി തന്നാൽ ആ നിമിഷം ഞാൻ ഈ വിഷയം ഉപേക്ഷിക്കാൻ തയ്യാറാണ്.'

ഇങ്ങനെ പഠനം നടത്തുന്നവർ മുതിർന്നവരായി ഉന്നത സ്ഥാനങ്ങളിലെത്തിയാലും ഈ റോബോട്ടിക് യാന്ത്രികത, നിർഗുണപരബ്രഹ്മഭാവം നിലനിർത്തും. അവർക്ക് അവരുടെ മേഖലയിൽ അടിസ്ഥാനമായ താല്പര്യമുണ്ടാകില്ല, ആവേശമുണ്ടാവുകയില്ല എന്നാണതിന്റെ ഫലം? അവർ ഒരിക്കലും അവരുടെ മേഖലയിൽ പുതിയ സ്വപ്നങ്ങൾ കാണുകയില്ല. പുതിയ വഴികൾ വെട്ടിത്തുറക്കുകയുമില്ല; അവരുടെ കീഴിൽ പ്രവർത്തിക്കേണ്ടിവരുന്ന ഹതഭാഗ്യരെ മഹത്തായ സ്വപ്നം കാണാനും വളരാനും അനുവദിക്കുകയുമില്ല.

എന്താണിതിനു പരിഹാരം? ശാസ്ത്രവിജ്ഞാനത്തിൽ അഭിരമിക്കാൻ, മുങ്ങിപ്പൊങ്ങി ആനന്ദിക്കാൻ, ആവേശം കൊള്ളാൻ ചെറുപ്പം മുതൽ പരിശീലനം വേണം. ക്ലാസിക്കൽ മ്യൂസിക് കേട്ടു രസിക്കാൻ പഠിക്കുംപോലെ പഠിക്കേണ്ടതാണ് വിജ്ഞാനാസ്വാദനവും. ജനകീയശാസ്ത്രപ്രസ്ഥാനങ്ങളുടെ മാത്രമല്ല, ശാസ്ത്രം കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്ന ശാസ്ത്രജ്ഞന്മാരുടെ കടമയാണ് ഈ കഴിവ് കുട്ടികളിൽ വളർത്തുകയെന്നത്. ഉത്തമശാസ്ത്രസാഹിത്യ കൃതികൾ ഉണ്ടാകേണ്ടത് ഇതിനും ആവശ്യമാണ്. ബാലശാസ്ത്ര ഗ്രന്ഥങ്ങളും പോപ്പുലർ സയൻസ് ഗ്രന്ഥങ്ങളും ഉണ്ടാകേണ്ടതുണ്ട്.

ഇവിടെയാണ് സർഗ്ഗാത്മക ശാസ്ത്രസാഹിത്യം (Creative Science Liturature) ത്തിന്റെ പ്രസക്തി. ഇതെപ്പറ്റി കൂടുതൽ പുറകെ പറയാം.

ചുരുക്കത്തിൽ ശാസ്ത്രപ്രചാരണത്തിന്റെ പ്രാധാന്യം ഇന്ന് കൂടിയിട്ടേയുള്ളു. ജനകീയ ശാസ്ത്രസാഹിത്യ രചനകളായ പോപ്പുലർ സയൻസിന്റെ ആവശ്യവും കൂടിയിരിക്കുകതന്നെയാണ്

*അടുത്ത ലക്കത്തിൽ*

*പോപ്പുലർ സയൻസ് ഡൈവേഴ്സിറ്റി.*

# ഒരു രണ്ടാം സ്വാതന്ത്ര്യസമരം

**സുകുമാരൻ മുതുകുളം**

'**ഇ**തു തന്റെ സ്വന്തം രാജ്യമാണെന്ന് ഏറ്റവും പാവപ്പെട്ടവനു പോലും തോന്നണം. നവഭാരതത്തിന്റെ നിർമ്മാണത്തിൽ തന്റെ അഭിപ്രായത്തിനും വിലയുണ്ടെന്ന് അവനും തോന്നണം. തോന്നിയാൽ പോരാ, ബോധ്യമാകണം'

സ്വതന്ത്രഭാരതത്തെപ്പറ്റി മഹാത്മാഗാന്ധിയുടെ, രേഖപ്പെടുത്തിയിട്ടുള്ള, വാക്കുകളാണിത്. തീർന്നില്ല.

'വലിപ്പച്ചെറുപ്പം ഉണ്ടായിരിക്കാൻ പാടില്ല. എല്ലാ മതക്കാരും എല്ലാ പ്രവിശ്യക്കാരും പൂർണ്ണമായ ഐക്യത്തോടെ ജീവിക്കണം.'

സ്വാതന്ത്ര്യം കിട്ടി 65 വർഷം കഴിഞ്ഞപ്പോൾ ശതകോടീശ്വരന്മാർ പാർലമെന്റിലും നിയമസഭകളിലുമെത്തി ഭരണം കയ്യാളുന്ന കാഴ്ച കാണുമ്പോഴാണ് ബാപ്പു വിഭാവനം ചെയ്ത ഭാരതം എവിടെ എത്തി നിൽക്കുന്നു എന്നു നമുക്ക് വീണ്ടും ആലോചിക്കേണ്ടിവരുന്നത്.

'അയിത്തം, മദ്യപാനം തുടങ്ങിയ ശാപങ്ങളിൽ നിന്ന് നാം മോചിതരാകണം. സ്ത്രീകൾക്ക് പുരുഷന്മാരെപ്പോലെ തുല്യാവകാശം ഉണ്ടായിരിക്കണം.'

ബിവറേജസ് കോർപ്പറേഷന്റെ ചില്ലറ വില്പന ശാലകൾക്കു മുൻപിൽ രൂപം കൊള്ളുന്ന 'അച്ചടക്കമുള്ള' നീണ്ട ക്യൂവ് കാണുമ്പോഴും ജനസംഖ്യയിൽ പകുതിയിൽ കുറയാത്ത സ്ത്രീകൾക്കു അമ്പതു ശതമാനം സംവരണം ഏർപ്പെടുത്തി സംരക്ഷിക്കാനുള്ള ബില്ല് പാർലമെന്റിന്റെ കവാടത്തിൽ 'മുട്ടുവിൻ തുറക്കപ്പെടും' എന്ന ദിവ്യവചനങ്ങൾ ഓർമ്മപ്പിച്ച് നിലകൊള്ളുന്നതു കാണുമ്പോഴും രാഷ്ട്രപിതാവിന്റെ മേൽപ്പറഞ്ഞ വാക്കുകൾ മനസ്സിൽ മഴനിഴൽ പ്രദേശം സൃഷ്ടിച്ചു നിലനിൽക്കുന്നു.

'നാം ചൂഷിതരോ ചൂഷകരോ ആകാതെ എല്ലാ രാജ്യക്കാരുമായി സൗഹാർദ്ദത്തിലും സമാധാനത്തിലും കഴിയണം. മൂകലക്ഷങ്ങളുടെ താല്പര്യങ്ങൾക്ക് എതിരല്ലാത്ത സ്വദേശീയമോ വിദേശീയമോ ആയ എല്ലാ താല്പര്യങ്ങളും നാം ബഹുമാനിക്കണം. ഇതാണു ഞാൻ സ്വപ്നം കാണുന്ന ഭാരതം. ഇതിൽ കുറഞ്ഞ ഒന്നുകൊണ്ടും ഞാൻ തൃപ്തിപ്പെടുകയില്ല.'

ഈ സ്വപ്നങ്ങൾ സാക്ഷാൽക്കരിക്കപ്പെട്ടാൽ നമ്മുടെ ലക്ഷോപലക്ഷം ഗ്രാമങ്ങൾ എങ്ങനെ ഇരിക്കുമെന്നും അദ്ദേഹം പറഞ്ഞുവച്ചിട്ടുണ്ട്.

'നമ്മുടെ ഓരോ ഗ്രാമവും ജനാധിപത്യത്തിന്റെ ഒരു ഘടകമായി

രിക്കും. അവിടെ അക്ഷരാഭ്യാസമില്ലാത്തവരായി ആരും ഉണ്ടായിരിക്കുകയില്ല. തൊഴിലില്ലായ്മ കൊണ്ട് ആർക്കും അലസജീവിതം നയിക്കേണ്ടിവരില്ല. സകലരും പ്രയോജനപ്രദങ്ങളായ പ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കും. എല്ലാവർക്കും നല്ല ആഹാരവും നല്ല വീടും ശരീരം മറയ്ക്കാൻ ആവശ്യമായ വസ്ത്രവും (ഖാദി) ലഭിക്കും. ജനങ്ങളെല്ലാം ശുചിത്വബോധവും ആരോഗ്യവും ഉള്ളവരായിരിക്കും. ഞാൻ സ്വപ്നം കാണുന്ന ഈ സ്വരാജ് പാവപ്പെട്ടവന്റെ സ്വരാജാണ്. രാജാക്കന്മാരെയും ധനവാന്മാരെയുംപോലെ തന്നെ ജീവിതാവശ്യങ്ങൾ നിർവ്വഹിക്കാൻ നിങ്ങൾക്കു സാധിക്കും. നിങ്ങളും അവരെപ്പോലെ കൊട്ടാരങ്ങളിൽ താമസിക്കും എന്നല്ല ഇതിനർത്ഥം. സുഖത്തിന് അതൊന്നും ആവശ്യമില്ല. അതിൽപ്പെട്ടാൽ നമ്മൾ ശ്വാസം മുട്ടി നശിച്ചുപോകും. എന്നാൽ ഒരു ധനവാനു ലഭിക്കുന്ന എല്ലാ ജീവിത സൗകര്യങ്ങളും നിങ്ങൾക്കു ലഭിക്കണം. സ്വരാജിൽ ഈ സൗകര്യങ്ങളെല്ലാം ഉറപ്പു നൽകാത്ത പക്ഷം അത് പൂർണ്ണ സ്വരാജ്യമാവുകയില്ലെന്ന കാര്യത്തിൽ എനിക്കു സംശയമില്ല.

ദില്ലിയിലെ ചെങ്കോട്ടയ്ക്കു മുകളിൽ നൂറ്റാണ്ടുകൾ പാറിക്കളിച്ചിരുന്ന യൂണിയൻ ജാക്ക് വലിച്ചിറക്കിയിട്ട് 65 വർഷം കഴിയുന്നു. അന്നുമുതൽ ദില്ലിയിലെ കോട്ടകൊത്തളങ്ങൾക്കുമുകളിൽ അശോകചക്രാങ്കിതമായ ദേശീയ പതാകയാണു പാറിക്കളിക്കുന്നത്. ജനുവരി 26- നമ്മുടെ റിപ്പബ്ലിക് ദിനമാണ്. പരമാധികാര രാഷ്ട്രമായ സുദിനം. അറിയുന്നവരും അറിയപ്പെടാത്തവരുമായ പരസഹസ്രം ധീരദേശാഭിമാനികൾ തങ്ങളുടെ രക്തവും മജ്ജയും ജീവനും ബലിയർപ്പിച്ചിട്ടാണ് ഭാരതത്തിന്റെ മേൽ ബ്രിട്ടൻ കെട്ടിവച്ചിരുന്ന നുകം അഴിച്ചുമാറ്റാൻ കഴിഞ്ഞത്.

'ഇപ്രകാരം രക്തവും മജ്ജയും ഉള്ള ഒരു മനുഷ്യൻ ഈ ഭൂമിയുടെ മീതേ നടന്നുപോയി എന്നു പറഞ്ഞാൽ ഭാവി തലമുറ അതു വിശ്വസിക്കാൻ മടിച്ചേക്കും'-എന്ന് ആൽബർട്ട് ഐൻസ്റ്റീൻ വിശേഷിപ്പിച്ച ഗാന്ധിയുടെ അതുല്യമായ നേതൃത്വം.

എന്നിട്ടോ?

ആറരപതിറ്റാണ്ടു കഴിയുമ്പോൾ ബ്രിട്ടീഷുകാരൻ കടത്തിയതിൽ എത്രയോ ഇരട്ടി നമ്മുടെ നേതാക്കൾ' കൈക്കൂലിയും അഴിമതിയുമായി കയ്യടക്കുന്നു. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം അനുനിമിഷം വർദ്ധിക്കുന്നു. സ്വന്തം പേരെഴുതി ഒപ്പിടാനും ബസ്സിന്റെ ബോർഡുപോലും വായിക്കാനും കഴിയാതെ-ചാണ കാണാതെ താണു കിടക്കുന്ന- ദശലക്ഷങ്ങൾ എത്ര.

ഇതിനെതിരെ ഒരു രണ്ടാം സ്വാതന്ത്ര്യസമരത്തെപ്പറ്റി ആലോചിക്കാൻ സമയമാകുന്നില്ലേ? അതോ ഇതെല്ലാം നമ്മുടെ വിധി എന്നു പറഞ്ഞു കീഴടങ്ങണോ?

# മുടി കൊഴിച്ചിലും കഷണ്ടിയും

**ഡോ.ജി.സാദശിവൻ**

**പു**രുഷന്മാരിൽ കഷണ്ടി ഉണ്ടാകുന്നതിന് പ്രധാന കാരണം പാരമ്പര്യം തന്നെയാണ്. എന്നാൽ സ്ത്രീകളുടെ തലയുടെ മധ്യഭാഗത്തു മുടികൊഴിയുമ്പോൾ അതിനു പലപ്പോഴും കാരണം ഭർത്താവിന്റെ അകാലമരണമോ, വിവാഹബന്ധം വേർപെടുത്തലോ ആകാം. സ്ത്രീകളിൽ മുടി കൊഴിച്ചിലിന്റെ മറ്റു പ്രധാന കാരണങ്ങൾ താരൻ, പുകവലി, പ്രമേഹം, രക്താതിസമ്മർദ്ദം, അമിതധനം, കൂടുതൽ കുട്ടികളെ വളർത്തിക്കൊണ്ടു വരുമ്പോഴുണ്ടാകാവുന്ന മാനസിക സംഘർഷം ഇവയൊക്കെയാണ്.

സന്തോഷകരമായ വിവാഹജീവിതം നയിക്കുന്ന സ്ത്രീകളിൽ, പതിവായി കാപ്പി കുടിക്കുന്നവരിൽ, വെയിൽ ഏല്ക്കാതിരിക്കുവാൻ തലയിൽ തൊപ്പി വയ്ക്കുന്നവരിൽ മുടികൊഴിച്ചിൽ കുറവാണ്. പുകവലി, മദ്യപാനം, ഉയർന്ന രക്തസമർദ്ദം, താരണം, ക്യാൻസർ, വ്യായാമരഹിതമായ ജീവിതരീതി, ഉയർന്ന തോതിലുള്ള പുരുഷഹോർമോണുകൾ, സ്ഥിരമായി കൂടുതൽ സമയം സൂര്യപ്രകാശം ഏൽക്കുക ഇതെല്ലാം മുടി കൊഴിയുവാനും കഷണ്ടി ബാധിക്കുവാനും കാരണമാകുന്നുണ്ട്. മാനസിക സംഘർഷങ്ങളെ നല്ല നിലയിൽ തരണം ചെയ്യുവാൻ കഴിയുന്നെങ്കിൽ അതായിരിക്കും കഷണ്ടി ബാധിക്കാതിരിക്കുവാനുള്ള ഉത്തമമാർഗ്ഗം.

---



**സംക്രമസൂര്യന്റെ നിഴൽ-** ഡോ.എൻ.ജെ.നടരാജൻ
ഗ്രാന്റ് ബുക്സ്, കോട്ടയം-1. വില: 125 രൂപ
ഇന്ത്യക്കാരും ഇന്ത്യൻ എംബസിയുമില്ലാത്ത പരാഗ്വേയിലെ യാത്ര ഉൾപ്പെടെയുള്ള ദക്ഷിണ അമേരിക്കൻ യാത്രാവിവരണം. ഒപ്പം സഞ്ചരിച്ച പ്രതീതി ഉളവാക്കുന്ന വിവരണം.



**രമണമഹർഷി-** കിളിരൂർ രാധാകൃഷ്ണൻ
ഗ്രാന്റ് ബുക്സ്, കോട്ടയം-1. വില: 50 രൂപ
രമണമഹർഷിയുടെ കഥകളും അദ്ദേഹം പറഞ്ഞ കഥകളും ചേർത്ത് കുട്ടികൾക്ക് ഇണങ്ങുന്ന രീതിയിൽ അവതരിപ്പിച്ചിരിക്കുന്ന കൃതി. മൂല്യബോധത്തെ ലക്ഷ്യമാക്കിയുള്ള കഥകളാണിതിലുള്ളത്.

# മുറിവേറ്റ കിളി

**■ സി.എൽ.ജോസ്**



കഥാപാത്രങ്ങൾ
ജയകുമാർ
രാജി
സിസ്റ്റർ
മെർലിൻ

## രംഗം രണ്ട്

(നഴ്സറി സ്കൂളിന്റെ ഓഫീസ് റൂം. അനുയോജ്യമായ സജ്ജീകരണങ്ങൾ. ഹെഡ്മിസ്ട്രസ്സായ സിസ്റ്റർ മേശയ്ക്കരികെയിരുന്നു എന്തോ എഴുതുകയാണ്. പ്രായം 40. അല്പം കഴിഞ്ഞു ജയകുമാർ കയറിവരുന്നു. കൈകൂപ്പുന്നു. പ്രസന്നമല്ലാത്ത മുഖം)

സിസ്റ്റർ- (ഉപചാരപൂർവ്വം), ഒ, ജയകുമാർ! വരൂ, വരൂ. ഇരിക്കൂ...

ജയകുമാർ- (ഇരിക്കാതെ) സിസ്റ്റർ എന്താ എന്നെ നിർബന്ധമായി കാണണമെന്നു പറഞ്ഞത്? (അല്പം അസഹിഷ്ണുതയോടെ) അങ്ങനെ ഓടിയെത്താൻ പറ്റുന്നതല്ല എന്റെ ജോലി. ഓഫീസിൽ ഒരുപാടു ജോലിത്തിരക്കും ബദ്ധപ്പാടുമാണ്.

സിസ്റ്റർ- ഒരു ബാങ്കു മാനേജരാവുമ്പോൾ അതൊക്കെയുണ്ടാവും. എന്നുവെച്ചു സ്വന്തം മോന്റെ കാര്യം അന്വേഷിക്കേണ്ടേ?

ജയകുമാർ- (ഗൗരവം കലർന്ന സ്വരം) കാര്യങ്ങൾ അറിയാനും അന്വേഷിക്കാനും അവന്റെ മമ്മി പോരേ? അതുകൊണ്ടു തൃപ്തിപ്പെട്ടാൽ പോരെ?

സിസ്റ്റർ- പോരെന്നു തോന്നി.

ജയകുമാർ- എന്നെ നിർബന്ധിച്ചു വരുത്തിയതു എന്തിനാ, അതാ എനിക്കറിയേണ്ടത്.

സിസ്റ്റർ- എനിക്കറിയേണ്ടതു അതല്ല. ബിനുമോൻ എന്താ ഇങ്ങനെ.

ജയകുമാർ- എങ്ങനെ?

സിസ്റ്റർ- കുട്ടിക്കു ഉണർവ്വില്ല. ഉന്മേഷമില്ല. കളിക്കാൻ കൂട്ടാക്കുന്നില്ല.

ജയകുമാർ- (വർദ്ധിച്ച ഗൗരവം) കളിക്കുന്നില്ലെങ്കിൽ വേണ്ട, എല്ലാ കുട്ടികളും കളിക്കണം എന്നു വല്ല നിയമവുമുണ്ടോ? അവൻ കളി

ക്കണമെന്നു എന്താ ഇത്ര നിർബന്ധം? കളിക്കാത്ത കുട്ടികൾക്കും വളരേണ്ടെ?

സിസ്റ്റർ- (അക്ഷോഭ്യമായി) വളരും. വളരുമ്പോൾ അവനൊരു ബാധ്യതയായി മാറാതിരുന്നാൽ മതി. (ഒരു നിമിഷം കഴിഞ്ഞ് സൗമ്യ മായി) ജയകുമാറിന് എന്താ ഇത്ര ഗൗരവം, ഇത്ര അസഹിഷ്ണുത? ഇങ്ങോട്ടു വിളിച്ചതിനാണോ?

ജയകുമാർ- എന്റെ സിസ്റ്ററെ, ഹൈസ്കൂളിലോ കോളജിലോ പഠി ക്കുന്ന കുട്ടിയുടെ കാര്യത്തിലാണെങ്കിൽ കൊള്ളാം. അവൻ ധിക്കാരം കാട്ടി, മയക്കുമരുന്നു ഉപയോഗിച്ചു, റാഗിങ് നടത്തി, അല്ലെ ങ്കിൽ മദ്യപിച്ചു... അത്തരം സീരിയസ് കംപ്ലെയിന്റ്സ് എന്തെങ്കിലു മുണ്ടായിട്ടു വിളിപ്പിക്കുകയാണെങ്കിൽ മനസ്സിലാക്കാം. ഇതു നഴ്സ റിയിൽ പഠിക്കുന്ന ഒരു പീക്കിരിയുടെ കാര്യത്തിൽ മമ്മി, ഡാഡി... ഇനി ആരൊക്കെ വേണം? (നിമിഷം കഴിഞ്ഞ്) നിങ്ങൾക്കിത്ര വിഷ മമാണെങ്കിൽ ഞാനെന്റെ മോനെ മറ്റേതെങ്കിലും സ്കൂളിൽ കൊണ്ടു പോയി ചേർത്തോളാം.

സിസ്റ്റർ- അതുകൊണ്ടു പ്രശ്നം തീരുമെങ്കിൽ അങ്ങനെ ആയി ക്കോളൂ..

ജയകുമാർ- എന്തു പ്രശ്നം?

സിസ്റ്റർ- പ്രശ്നം എന്താണെന്ന് നിങ്ങൾ ഇതുവരെ ചോദിച്ചില്ല ല്ലോ. എന്തെങ്കിലും കാരണമില്ലാതെ നിങ്ങളെ വിളിച്ചു വരുത്തുമോ? ഒരു ചെറിയ കാര്യം. ബിനുമോന്റെ ക്ലാസിലെ ദിവ്യ എന്ന കുട്ടി അവനോടു പറഞ്ഞു, അവളുടെ ഡാഡിയും മമ്മിയും അവളെ നല്ല വണ്ണം സ്നേഹിക്കും, കെട്ടിപ്പിടിക്കും, മുത്തം തരും എന്നൊക്കെ. അതു കേട്ടു കൊതി തോന്നിയിട്ടു ബിനുമോൻ ചോദിച്ചു ഞാനും വരട്ടെ ദിവ്യയുടെ വീട്ടിലേക്ക്, എന്നെ അവിടെ താമസിപ്പിക്ക്യോ എന്ന് (സ്വരം മാറ്റി) എന്തുകൊണ്ടു ബിനുമോൻ അങ്ങനെ ചോദിച്ചു? അങ്ങനെ ഒരു കൊതി തോന്നാൻ എന്താ കാരണം?

ജയകുമാർ- കുട്ടിയല്ലെ? ഒരു കൗതുകത്തിനു അങ്ങനെ ചോദിച്ചു കാണും. അല്ലാതെ അതിനു വലിയ കനപ്പെട്ട അർത്ഥമൊന്നും കാണേണ്ട.

സിസ്റ്റർ- ബിനുമോന് വീട്ടിൽ ലഭിക്കാതെ പോകുന്ന എന്തെങ്കി ലുമുണ്ടോ? രാജി പറഞ്ഞു അവനു ഒരുപാടു കളിപ്പാട്ടങ്ങൾ വാങ്ങി ക്കൊടുത്തിട്ടുണ്ടെന്ന്.

ജയകുമാർ- അതെ, വീട്ടിൽ എല്ലാത്തരം ടോയ്സുമുണ്ട്. വിവിധ തരം ബോളുകൾ, ഫാൻസി കാറുകൾ, കുട്ടി സൈക്കിൾ! ബർത്ത്ഡേയ്ക്കു ചില ഇലക്ട്രോണിക് ടോയ്സാണു വാങ്ങിക്കൊ ടുത്തത്. ഒന്നിനും കുറവില്ല.

സിസ്റ്റർ- എല്ലാം കൊടുത്തു. വേണ്ടതുമാത്രം കൊടുത്തില്ല. സ്നേഹം.... നിഷ്കളങ്കമായ സ്നേഹം.... കലവറയില്ലാത്ത വാത്സല്യം... സ്നേഹം വിതച്ചാലേ സ്നേഹം കൊയ്യാനാവൂ.

ജയകുമാർ- ഞാനും രാജിയും വേണ്ടുവോളം സ്നേഹം അവന് കൊടുക്കുന്നുണ്ട്. സിസ്റ്റർ ആകെ തെറ്റിദ്ധരിച്ചിരിക്കാം. എന്തൊക്കെയോ മുൻവിധി വച്ചാ സംസാരിക്കുന്നത്.

സിസ്റ്റർ- ഒരു മുൻവിധിയുമില്ല.

(മേശപ്പുറത്തുള്ള ഇന്റർ ഫോണെടുത്തു വിളിക്കുന്നു)

നഴ്സറി ക്ലാസിലെ മെർലിൻ ടീച്ചറോടു ഒന്നു വരാൻ പറയൂ.

(ഫോൺ വച്ചശേഷം ജയകുമാറിനോട്) ടീച്ചർക്കു ചിലതു പറയാൻ കാണും.

ജയകുമാർ- അവർ വന്നിട്ടു കുറ്റപ്പെടുത്താൻ പോകുന്നതു ഇതുതന്നെയല്ലെ? മോന് കളിയില്ല... ചിരിയില്ല... (അതെ ഗൗരവത്തിൽ) വേണ്ട, ഞാൻ നേരത്തെ പറഞ്ഞതുപോലെ എന്റെ മോനെ വേറെ ഏതെങ്കിലും സ്കൂളിൽ കൊണ്ടുപോയി ചേർക്കാം. അതല്ല; ഡൊണേഷൻ വല്ലതും കൂടുതൽ വേണമെങ്കിൽ അതു പറഞ്ഞാൽ മതി. അല്ലാതെ തൊട്ടാൽവാടി കാരണമൊന്നും പറയേണ്ട.

സിസ്റ്റർ- (സൗമ്യത വിടാതെ) നിങ്ങൾ ഇത്ര സില്ലിയായി സംസാരിക്കരുത്.

(ഇവിടേക്കു മെർലിൻ ടീച്ചർ കടന്നുവരുന്നു. പ്രായം 25)

സിസ്റ്റർ- (ജയകുമാറിനെ ചൂണ്ടി) ഇതു ബിനുമോന്റെ ഡാഡി ജയകുമാർ.

(മെർലിൻ കൈകൂപ്പുന്നു)

ബിനുമോന്റെ പ്രശ്നം പറഞ്ഞപ്പോൾ നമ്മൾ തോട്ടാൽവാടി കാരണം പറഞ്ഞു വിളിപ്പിച്ചിരിക്കയാണെന്നാ ആക്ഷേപം. എന്താ സംഭവിച്ചതെന്ന് പറഞ്ഞുകൊടുക്കൂ.

മെർലിൻ- സിസ്റ്ററെ കാണാൻ ആരോ അവിടെ കാത്തുനിൽക്കുന്നുണ്ട്.

സിസ്റ്റർ- ശരി, നിങ്ങൾ സംസാരിക്കൂ.

(സിസ്റ്റർ മുറിവിട്ടു പോകുന്നു)

മെർലിൻ- സാറ് ഇരിക്ക്.

(ജയകുമാർ ഇരിക്കുന്നില്ല)

ബിനു മോനെ എനിക്കിഷ്ടമാണ്. അവന് എന്നെയും ഇഷ്ടമാ. കുറെ നാളുകളായി ഞാൻ ശ്രദ്ധിക്കുന്നു. അവൻ വിഷാദവാനാണ്. ഒന്നിനോടും ഒരു താല്പര്യമില്ല. മറ്റു കുട്ടികൾ വിവിധ കളികളിൽ ഏർപ്പെടുമ്പോൾ ഇവൻ ഒറ്റയ്ക്കു മാറിയിരുന്നു ആലോചിച്ചുകൊണ്ടിരിക്കും. പെരുമാറ്റത്തിലെ ഈ വൈകല്യം എന്തുകൊണ്ടാ

ണെന്നു സാറിന് പറയാനാവുമോ?

ജയകുമാർ– വീട്ടിലും അവൻ ഏതാണ്ട് ഇങ്ങനെയൊക്കെ തന്നെയാണ്.

മെർലിൻ– ഇതേ ചോദ്യം സാറിന്റെ വൈഫിനോടും ഞാൻ ചോദിച്ചു. വ്യക്തമായി ഒന്നും പറഞ്ഞില്ല. അവർ പല ചോദ്യങ്ങളിൽനിന്നും ഒഴിഞ്ഞുമാറുന്നതു പോലെ തോന്നി. പിന്നെ ഞാൻ കൂടുതൽ ചോദിച്ചു ബുദ്ധിമുട്ടിക്കാൻ പോയില്ല (ഒരുനിമിഷം കഴിഞ്ഞ്), എന്റെ ക്ലാസിലെ കുട്ടികൾ എല്ലാവരും എനിക്കൊരുപോലെയാണ്. ഒരു കുട്ടി മാത്രം ഇങ്ങനെ, തെല്ലും ഉന്മേഷമില്ലാതെ, ഉള്ളിൽ എന്തോ പ്രശ്നങ്ങളുമായി... എന്റെ മനസ്സിനെ അതു വല്ലാതെ അലട്ടിക്കൊണ്ടിരുന്നു.

ഒരു ദിവസം അവനെ നിർബന്ധിച്ചാണ് ഞാൻ കളിക്കാൻ വിട്ടത്. മറ്റു കുട്ടികൾക്കൊപ്പം കളിക്കാൻ അപ്പോഴും താല്പര്യമില്ല. വളരെ വൃത്തിയാക്കിയ മണൽ ഒരു മുറിയിൽ കൂട്ടിയിട്ടിട്ടുണ്ട്. കുട്ടികൾക്ക് ഇഷ്ടമുള്ളതുപോലെ അതിൽ കളിക്കാം. ഇതിന് സാന്റ് ബാത്ത് എന്നാണ് പറയുക. നല്ല നഴ്സറി സ്കൂളുകളിൽ ഈ സംവിധാനമുണ്ടാവും. കളി മണലിലാണെങ്കിലും കുട്ടികളുടെ പ്രതികരണങ്ങൾ പഠിക്കാനും ധാരണാശക്തി മനസ്സിലാക്കാനും സർഗ്ഗവാസനയെ വളർത്താനുമൊക്കെ ഇതു ഉപകരിക്കും.

എന്നോടുള്ള സ്നേഹം കൊണ്ടും എന്റെ നിർബന്ധം കൊണ്ടും കുറെ പാവകളുമായിട്ടാണ് ബിനുമോൻ കളിച്ചിരുന്നത്. കളിയ്ക്കിടയിൽ ഞാനവനെ വാച്ചു ചെയ്തുകൊണ്ടിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ ഞാനവന്റെ അടുക്കൽ ചെന്നു. കളിക്കാൻ നാലു പാവകളെയാണ് അവനെടുത്തത്. വളരെ സ്നേഹത്തിൽ അവന്റെ അടുത്തിരുന്നു. ഓരോ പാവകളെക്കുറിച്ചും ചോദിച്ചു. ഓരോന്നും ചൂണ്ടി അവൻ പറഞ്ഞു. 'ഇതു എന്റെ മമ്മി, ഇതു ഞാൻ, ഇതു എന്റെ ഉണ്ണി'. ഞാൻ ചോദിച്ചു. ബിനു മോൻ നാലു പാവകളെടുത്തില്ലേ. അതിൽ ഒരെണ്ണമെവിടെ? 'അതു ഡാഡിയാ'.

ഡാഡിയെവിടെ? ബാങ്കിൽ പോയോ?

ഇല്ല.

പിന്നെ എവിടെ?

ഈ മണ്ണിൽ കുഴിച്ചുമൂടി

ഞാൻ ഞെട്ടിപ്പോയി.

(ഇതു കേട്ടു ജയകുമാറിന്റെ മുഖം വിളറി)

അയ്യോ! അതെന്താ ഡാഡിയെ അങ്ങനെ ചെയ്തേ? അപ്പോൾ അവൻ മനസ്സു തുറന്നു. 'എനിക്കിഷ്ടമില്ല ഡാഡിയെ. ഡാഡി ചീത്തയാ, എന്നും മമ്മിയുമായി വഴക്കിടും. മമ്മിയെ തല്ലും. എന്നേയും

തല്ലും.'
(ജയകുമാർ ഇതെല്ലാം കേട്ടു അമ്പരന്നു മിഴിച്ചു നിൽക്കുന്നു. ഇവിടേക്കു സിസ്റ്റർ കടന്നുവരുന്നു)
സിസ്റ്റർ- ജയകുമാറിന് ഇപ്പോൾ ബോധ്യമായോ? പ്രശ്നത്തിനു ഗൗരവമുണ്ടോ? ഇതു തൊട്ടാൽവാടി കാരണമാണോ? അതോ തൊട്ടാൽ പൊള്ളുന്ന കാര്യമാണോ?
ജയകുമാർ- (അപരാധബോധത്തോടെ) സോറി സിസ്റ്റർ, അയാം എക്‌സ്ട്രീമിലി സോറി.
സിസ്റ്റർ- മോന്റെ ഉപബോധമനസ്സിൽ വളർന്നുവന്ന ഡാഡിയോടുള്ള വെറുപ്പാണ് ഈ രൂപത്തിൽ അവൻ പ്രകടിപ്പിച്ചത്.
ജയകുമാർ- ഞാനതു മനസ്സിലാക്കുന്നു.
സിസ്റ്റർ- ഞങ്ങൾക്കു ഇവിടുത്തെ ഓരോ കുട്ടിയും വിലപ്പെട്ടതാണ്. അവർക്ക് വ്യക്തിവികാസവും മാനസിക വളർച്ചയും ഉണ്ടാവാൻ പാടുള്ളതൊക്കെ ഞങ്ങൾ ചെയ്യും. ഈ ടീച്ചറിന്റെ ഉത്സാഹവും ശ്രമവുമാണ് ബിനുമോന്റെ മനസ്സ് തുറപ്പിച്ചത്.
ജയകുമാർ- (ടീച്ചറിന്റെ നേരെ കൂപ്പുകരങ്ങളുയർത്തി, നിറഞ്ഞമനസ്സോടെ) നന്ദി....ഒരുപാട് ഒരുപാട് നന്ദി.
മെർലിൻ- (പുഞ്ചിരിച്ച്) സാറു വിഷമിക്കേണ്ട. ബിനുമോൻ നന്നാവും. മിടുക്കനാവും. ഇനി എന്തൊക്കെ വേണമെന്നും എങ്ങനെ നീങ്ങണമെന്നും സിസ്റ്റർ പറയും. വിഷ് യൂ ഓൾ ദി ബെസ്റ്റ്.
സിസ്റ്ററിനോട് (ഞാൻ ക്ലാസിലേക്കു ചെല്ലട്ടെ സിസ്റ്റർ)
സിസ്റ്റർ- യെസ്സ്.
(മെർലിൻ പോകുന്നു, തിരിഞ്ഞു ജയകുമാറിനോട്)
ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ കുട്ടിയുടെ ഈ പെരുമാറ്റവ്യത്യാസം ഭാവിയിൽ അവന്റെ വ്യക്തിത്വം തകരാറിലാക്കും. മുതിരുമ്പോൾ അവൻ ഒരു ബാധ്യതയാവും. അവൻ നിങ്ങളെ വെറുക്കും. നിങ്ങളുടെ വാത്സല്യവും സ്നേഹവും ലഭിക്കാതെ വരുമ്പോൾ അതു കിട്ടുന്നിടത്തേക്കു അവൻ നീങ്ങും. ഒരുപക്ഷേ, ചെന്നു പെടുന്നതു ക്രിമിനൽ സ്വഭാവമുള്ള കുട്ടികളുടെ ഗ്യാങ്ങിലേക്കാവും. അതോടെ അവൻ നിങ്ങൾക്കു നഷ്ടപ്പെടും. (സ്വരംമാറ്റി) ജയകുമാർ ഒന്നു മനസ്സിലാക്കണം. ശിക്ഷ ഒന്നിനും ഒരു പരിഹാരമല്ല. കുടുംബനാഥനായ നിങ്ങൾ സ്നേഹം സമൃദ്ധമായി ചൊരിഞ്ഞു സ്വന്തം കുടുംബത്തെ സ്വർഗ്ഗമാക്കണം. ശൈശവത്തിൽതന്നെ ബിനുമോന്റെ മനസ്സിൽ മുറിവേറ്റിരിക്കുന്നു. അതു മാറ്റണം. സ്നേഹത്തിന്റെ പൂന്തേൻ പുരട്ടിയാലേ ആ മുറിവുണങ്ങൂ.
ജയകുമാർ- അതേക്കുറിച്ചു ഞാനിപ്പോൾ തികച്ചും ബോധവാനാണ്.
സിസ്റ്റർ- ഒരു കാര്യം കൂടി. ജയകുമാറിനെ ഇവിടേക്കു വിളിപ്പിച്ച

ലളിതഗാനം

# എന്റെ ദൈവം

**എൻ.എൻ.പരമേശ്വരൻ ചേർത്തല**

മുറ്റത്തെ ശുദ്ധമാം മണ്ണിൽ ശയിച്ചു ഞാൻ
മേല്പോട്ടു നോക്കവേ...
ചക്രവാളത്തിനൊരറ്റമുണ്ടോ?
ഉണ്ടെങ്കിലതിനപ്പുറമെന്തായിരിക്കും?
അനന്തമീചോദ്യത്തിനുത്തരം നൽകുന്ന
അഖിലാണ്ഡശക്തിയാണെന്റെ ദൈവം
(മുറ്റത്തെ...)
സൗരയൂഥത്തിൽ പാഞ്ഞോടും ഗ്രഹങ്ങളും
താനേതിളങ്ങുമീതാരാഗണങ്ങളും
തമ്മിൽ തട്ടിമുട്ടിതകരാതെ നയിക്കുന്ന
കടിഞ്ഞാണിന്നുടമയാണെന്റെ ദൈവം
യുദ്ധവും ഹിംസയും ആഹ്വാനം ചെയ്യുന്ന
മർത്യകഥാപാത്രങ്ങളല്ല ദൈവം
(മുറ്റത്തെ....)
ഭൗമതലത്തിലെ ജീവജാലങ്ങളിൽ
ഞാനെന്ന ബീജമെന്നെവിടെതുടങ്ങി
പരിണാമചക്രം മുടങ്ങാതെ തിരിയുന്ന
അജ്ഞാതശക്തിയാണെന്റെ ദൈവം
ജാതിയും മതവും തൊട്ടുതീണ്ടാത്തൊരു
സത്യപ്രകാശമാണെന്റെ ദൈവം
(മുറ്റത്തെ...)

---

ത്, രാജിയെ ഇങ്ങോട്ടു വിളിച്ചു വരുത്തിയത് -ഇതൊന്നും ബിനു മോൻ അറിഞ്ഞിട്ടില്ല. നിങ്ങൾ എന്നെയും ടീച്ചറിനെയും കണ്ട വിവരം അവനോടു പറയുകയും വേണ്ട. അവനറിയാതെ അല്പാല്പമായി നിങ്ങളിൽ മാറ്റം വരണം. അപ്രതീക്ഷിതമായ ആ മാറ്റം നിഷ്കളങ്കമായ നിങ്ങളുടെ സ്നേഹം അവനിൽ അത്ഭുതങ്ങൾ സൃഷ്ടിക്കും. അവനെ മോൻ മാത്രമായിട്ടല്ല ഒരു ഫ്രണ്ടായിട്ടുകൂടി കാണൂ! (ചിരിച്ചിട്ട്) ടീച്ചർ പറഞ്ഞതുപോലെ വിഷ് യൂ ഓൾ ദി ബെസ്റ്റ്!

ജയകുമാർ- (കൈകൾകൂപ്പി) താങ്ക് യൂ സിസ്റ്റർ.. താങ്ക് യൂ..

(യവനിക)

*കവിതാരസചാതുരി*

# ഓമനക്കുട്ടൻ

**■ടി.ആർ.രാജേന്ദ്രൻ**



*ഓമനക്കുട്ടൻ ഗോവിന്ദൻ ബലരാമനെക്കൂടെ കൂടാതെ*
*കാമിനീമണിയമ്മതന്നങ്കസീമനിചെന്നു കേറിനാൻ*
*അമ്മയുമപ്പോൾ മാറണച്ചിട്ടങ്ങുമ്മവച്ചുകിടാവിനെ*
*അമ്മിഞ്ഞ നല്കിയാനന്ദിപ്പിച്ചു ചന്മയനപ്പോളോതിനാൻ*
*ഒപ്പത്തിലുള്ള കുട്ടികളൊരുമുപ്പത്തിരണ്ടുപേരുണ്ട്*
*അപ്പിള്ളരായ്‌വനത്തിൽ കളിപ്പാനിപ്പോൾ ഞാനമ്മേപോകട്ടെ*
*അയ്യോയെന്നുണ്ണി പോകല്ലേയിപ്പോൾ തീയ്യുപോലുള്ള വെയിലല്ലേ*
*വെറുതെയെന്നമ്മേ തടയല്ലേ പോട്ടേ പരിചോടിന്നിനിക്കുണ്ണുവാൻ*
*നറുനെയ്യുകൂട്ടീട്ടുരുട്ടീടും നല്ലോരുറതയിർ കൂട്ടീട്ടുരുട്ടീടും*
*വരുത്തോരുപ്പേരിപതിച്ചിട്ടുമീരണ്ടുരുളയുമെന്റെ മുരളിയും*
*തരികെന്നങ്ങനെയലസംചഞ്ചാടിത്തരസാകണ്ണൻ താൻ പുറപ്പെട്ടു.*

**വെണ്മണി മഹൻ നമ്പൂതിരിപ്പാട് (1844-1893)**

1010-മാണ്ടോടുകൂടി ആരംഭിക്കുകയും 1050-മാണ്ടോടുകൂടി ഒരു വിധം ലബ്ധപ്രതിഷ്ഠമാകുകയും ചെയ്ത പ്രസ്ഥാനമാണ് വെണ്മണി പ്രസ്ഥാനം. ഈ പ്രസ്ഥാനത്തിന് പൂർണ്ണമായ ആകൃതി നൽകിയത് വെണ്മണി അച്ഛനും പുഷ്കലമായ പുഷ്ടിവരുത്തിയത് വെണ്മണി മഹനുമായിരുന്നു. കൊച്ചി രാജ്യത്ത് ആലുവാപുഴയുടെ വടക്ക് വെള്ളാരപ്പള്ളി എന്ന ദേശത്തായിരുന്നു വെണ്മണി മന സ്ഥിതിചെയ്തിരുന്നത്. വെണ്മണി മഹൻനമ്പൂതിരിപ്പാടിന്റെ പേര് കദംബൻ എന്നായിരുന്നു. ജനനം 1019-ാമാണ്ട് മേടം 6. കൊടുങ്ങല്ലൂർ കോവിലകത്തായിരുന്നു മിക്കവാറും താമസം. അവിടുത്തെ സഹൃദയസമ്മേളനത്തിൽനിന്ന് അസാമാന്യമായ കവിതാവാസന ഉള്ള ഒരാൾക്ക് യാതൊരുവിധത്തിലുമുള്ള ഗുരുകുലക്ലേശവും കൂടാതെ പഠിക്കാവുന്നതെല്ലാം അദ്ദേഹം പഠിച്ചു. അങ്ങനെ ലോകവ്യുല്പത്തി ഉറച്ചു. അച്ഛനല്ലാതെ അദ്ദേഹത്തിനു വേറെ ഗുരുനാഥന്മാർ ഉണ്ടായിരുന്നതായി വെളിപ്പെടുന്നില്ല. കവിതാമാർഗ്ഗത്തിൽ അദ്ദേഹത്തെ ചരിപ്പിച്ചത് അച്ഛനായിരുന്നു. ഇരുപത്തിരണ്ടിലധികം കൃതികൾ രചിച്ചിട്ടുണ്ട്.



# പുറംകാഴ്ച

**പ്രേംജിത്ത് കായംകുളം**



**ആഗസ്റ്റ്** 6– എസ്.കെ.പൊറ്റെക്കാട്ട് മരണം, ഹിരോഷിമ ദിനം. 7 ടാഗോർ മരണം. 9– ക്വിറ്റ് ഇന്ത്യാദിനം, നാഗസാക്കിദിനം. 15– സ്വാതന്ത്ര്യദിനം, എൻ.പി.മന്മദൻ മരണം. 16– സി.അച്യുതമേനോൻ മരണം, ശ്രീരാമ കൃഷ്ണ പരമഹംസർ സമാധി. 17–മലയാളവർഷാരംഭം. 22–എസ്.ഗുപ്തൻ നായർ ജനനം. 23–ഡോ.അയ്യപ്പപ്പണിക്കർ മരണം. 25–ചട്ടമ്പി സ്വാമി ജനനം. 30–അയ്യങ്കാളി ജന്മദിനം. 31–ശ്രീനാരായണഗുരു ജയന്തി

## രാഷ്ട്രപതിമാർ

1. ഡോ.രാജേന്ദ്രപ്രസാദ് 1950–1962
2. ഡോ.എസ്.രാധാകൃഷ്ണൻ 1962–1967
3. ഡോ.സാക്കിർ ഹുസൈൻ 1967–1969
4. വി.വി.ഗിരി 1969–1974
5. ഡോ.ഫക്രുദ്ദീൻ അലി അഹമ്മദ് 1974–1977
6. നീലം സഞ്ജീവ റെഡ്ഢി 1977–1982
7. ഗ്യാനി സെയിൽസിങ് 1982–1987
8. ആർ.വെങ്കിട്ടരാമൻ 1987–1992
9. ഡോ.ശങ്കർദയാൽ ശർമ്മ 1992–1997
10. കെ.ആർ.നാരായണൻ 1997–2002
11. ഡോ.ഏ.പി.ജെ.അബ്ദുൾ കലാം 2002–2007
12. പ്രതിഭാ പാട്ടീൽ 2007–2012
13. പ്രണബ് മുഖർജി 2012 –

## താല്ക്കാലിക രാഷ്ട്രപതിമാർ

1. വി.വി.ഗിരി 1969 മെയ് 3 മുതൽ 1969 ജൂലൈ 20
2. ജസ്റ്റീസ് മുഹമ്മദ് ഹിദായത്തുള്ള 1969 ജൂലൈ 20 – ആഗസ്റ്റ് 24
3. ബി.ഡി.ജട്ടി 1977 ഫെബ്രുവരി 11– ജൂലൈ 25

---




www.arrajarajavarma.org വെബ്സൈറ്റിന്റെ ഉദ്ഘാടനം ശ്രീ. ഉമ്മൻ ചാണ്ടി നിർവ്വഹിക്കുന്നു. ഗീതാ പുല്ലുകുളങ്ങര, വി.പി.ജയചന്ദ്രൻ, രത്നം രാമവർമ തമ്പുരാൻ, അനി വർഗീസ്, ജോർജ് തഴക്കര, മന്ത്രി കെ.സി.ജോസഫ്, ആർ.രാജേഷ് എം.എൽ.എ., അഡ്വ.കെ.ആർ.മുരളീധരൻ എന്നിവർ സമീപം.